ഒന്നാം അദ്ധ്യായം

"**എ**ടാ നിന്ദക്കഴുവേറീ, ഇവൻ നിമിത്തം ഒരു കാര്യത്തിൽ മനസ്സിരുത്തുവാൻ പാടില്ലെന്നായല്ലൊ. കച്ചേരിക്കു പോകുന്ന കാര്യം അന്വേഷിക്കേണ്ടവൻ നീയോ ഞാനോ? എന്തെടാ? കഴുവേറീ, പറ. ഇനിക്കറിഞ്ഞുകൂടേ അതിനുള്ള നേരം? നിന്നെ ഇങ്ങനെ കൂടെക്കൂടെ ഇതിന്റെ മുകളിലേക്കു വലിച്ചുകൊണ്ടു വരണോ?"

"നേരം ഇശ്യായീന്നു പറഞ്ഞു അമ്മ. മണി പതിനൊന്നടിച്ചുവെന്നു പറയാൻ പറഞ്ഞിട്ടാണ്. ഊണു കാലായിട്ടു നേരം....."

"ഹടി. വായാട്ടക്കാരൻ കഴുവേറീ, നിന്നോടല്ലേ പോകാൻ പറഞ്ഞത്?

കിഴക്കേസ്രാമ്പിയിൽ കരുണാകരമേനോൻ ഭൃത്യന്റെ നേരേ ഇങ്ങനെ തട്ടിക്കയറി. അടിക്കാനായി വരുന്നതു കണ്ടപ്പോൾ അവൻ ഭയപ്പെട്ട് ഓടി കോണിപ്പടി ഇറങ്ങുകയാൽ കാൽ തെന്നി തികതത്താ എന്നു മറിഞ്ഞു നിലത്തേക്ക് ഉരുണ്ടു വീണു. കരുണാകരമേനോൻ ഈ ഒച്ച കേട്ട് കോണിവാതുക്കൽ വന്ന് താഴത്തേക്കു നോക്കിയപ്പോൾ ഭൃത്യൻ വീണെടത്തു നിന്നും തട്ടിപ്പിടഞ്ഞ് എഴുന്നേൽക്കുന്നതു കണ്ടിട്ട് പറയുന്നു.

"അങ്ങനെ വേണം നിനക്ക്. കുർ--രുത്തംകെട്ട കഴുവേറീ. നിനക്കതു പറ്റണം. എത്ര തവണ നീ എന്നെ വന്ന് അസഹ്യപ്പെടുത്തി?"

അപ്പഴേക്കും കരുണാകരമേനോന്റെ ഭാര്യ അവിടെ എത്തി. ഇതെല്ലാം കണ്ടപ്പോൾ വളരെ വ്യസനിച്ചു. ഭർത്താവിനെ കോപത്തോടുകൂടെ ഒന്നുനോക്കി. "ശങ്കരാ ഇങ്ങട്ടു പോരു. ഇക്കാലത്തു ഗുണം ചെയ്‌വാൻ പോയാൽ ദോഷമാണ് ഫലം. ഉണ്ണാൻ വിളിച്ചാൽ തള്ളിയിടുക എന്നുള്ള കാലമാണ്. കലിവൈഭവം, കലിവൈഭവം" എന്നു പറഞ്ഞ് അകത്തേക്കുപോയി.

കരുണാകരമേനോൻ ഇതു കേട്ടപ്പോൾ ചിരിച്ചു. ഭാര്യയെ ഇദ്ദേഹത്തിന്ന് പ്രാണസ്നേഹമാണ്. അവരുടെ വാക്കുകൾ കേട്ടപ്പോൾ ശങ്കരന്റെ നേരേയുണ്ടായിരുന്ന കോപം പകുതിയിലധികം പോയി. എന്നിട്ട് പറയുന്നു. "വേണ്ട. കല്യാണിതന്നെ പറയു. ഒരു കാര്യത്തിൽ ദൃഷ്ടി വെച്ചുകൊണ്ടിരിക്കുമ്പോൾ എത്രണ്ട് അസഹ്യപ്പെടുത്താം ഒരാളെ?"

കല്യാണിയമ്മ (മുഷിഞ്ഞ്)---ഈ ചാടുവാക്യങ്ങളൊന്നും ഇനിക്കു കേൾക്കണ്ട. അല്ലെങ്കിലും ഞാൻ പറയാറില്ലേ കരുണാകരനെന്നുള്ള പേര് അത്ര ചേർച്ചയില്ലെന്ന്?

കരുണാകരമേനോൻ ഇതുകേട്ട് വീണ്ടുംചിരിച്ചു. വലത്തേക്കയ്യിൽ ഒരു ഈയപ്പെൻസിലും ഇടത്തേതിൽ മുഴുവനാകാത്ത ഒരു ശ്ലോകമെഴുതിയ ഒരു കടലാസുതുണ്ടും പിടിച്ചും കൂടെക്കൂടെ തലയിൽ ചൊറിഞ്ഞുംകൊണ്ടു മാളികമുറിയിൽ കൂട്ടിലാക്കിയ വെരുവിനെപ്പോലെ അങ്ങോട്ടും ഇങ്ങോട്ടും ലാത്തുകയായിരുന്നു. അതിനിടയിൽ കല്യാണിയമ്മയും ശങ്കരനും തമ്മിൽ നടന്ന ഒരു സ്വല്പസംഭാഷണം വായനക്കാരെ അറിയിക്കേണ്ടതാവശ്യമാണ്. ഈ ശങ്കരൻ എത്രയും സ്വാമിഭക്തിയുള്ള ഒരു ചെക്കനാണ്. കിഴക്കേസ്രാമ്പിയിൽ വന്നിട്ട് നാലാണ്ടു കഴിഞ്ഞിരിക്കുന്നു. കരുണാകരമേനോൻ ഒരു കോപശീലക്കാരനാകയാൽ പലപ്പോഴും ശങ്കരനെയും മറ്റു ഭൃത്യന്മാരെയും കഠിനമായി ശകാരിക്കാറുണ്ട്. ചിലപ്പോൾ ഒന്നോ രണ്ടോ തല്ലിയെന്നും വരും. അതുകൊണ്ടു ചില ഭൃത്യന്മാർ ഓടിയൊളിച്ചു പോകാറുണ്ട്. എന്നാൽ, ശങ്കരൻ അങ്ങനെയല്ല. കരുണാകരമേനോനെയും കല്യാണിയമ്മയെയും അത്യന്തം ബഹുമാനവും സ്നേഹവുമാണ്. എത്ര ശകാരിച്ചാലും മിണ്ടുകയില്ല. ക്ഷമ കടുകട്ടിയാണ്.

ശങ്കരൻ വീണതിന്റെ നൊമ്പരവും മറ്റും ഒട്ടു ശമിച്ചപ്പോൾ മുഖം തുടച്ച് സന്തോഷവിസ്മയങ്ങളോടുകൂടെ കല്യാണിയമ്മയുടെ അടുക്കൽ ചെന്ന് സ്വകാര്യമായി പറയുന്നു. "എയമാനൻ ശ്ലോകമുണ്ടാക്കുകയാണ്. ഞാൻ കോണി കേറിച്ചെല്ലുമ്പോൾ മൂളുന്നതു കേട്ടു. രെസിയൻ ശ്ലോകം. കടലാസിൽ എഴുതീട്ടുണ്ട്."

ഇതു കേട്ടപ്പോൾ കല്യാണിയമ്മയ്ക്കു കരുണാകരമേനോന്റെ നേരേ ഉണ്ടായിരുന്ന താൽക്കാലികമായ രസക്കേട് അശേഷം നീങ്ങി. അതിനു പകരം ബഹുമാനവും പ്രണയവും വർദ്ധിച്ചു. തന്റെ ഭർത്താവിനുണ്ടാകുന്ന യശസ്സിൽ തനിക്കും ഒരോഹരി അനുഭവിക്കാമെന്നുള്ള വിചാരം കലശലായുണ്ടായി. എങ്കിലും ഈ ഭാവങ്ങളൊന്നും പുറത്തു കാട്ടാതെ പറയുന്നു.

കല്യാണിയമ്മ: ഓ, കഥ മനസ്സിലായി. നാടകം ഉണ്ടാക്കാൻ തുടങ്ങിയിരിക്കയാണ്. ഓപ്പ ഇന്നലെ അതിനെക്കുറിച്ചു പറഞ്ഞ് ധരിപ്പിക്കുന്നതു കേട്ടു. ഇപ്പോൾ എല്ലാവർക്കും നാടകത്തിലാണ് ഭ്രമം. എവിടെ നോക്കിയാലും നാടകത്തിന്റെ വർത്തമാനമേയുള്ളു. രണ്ടായാലും ഇനി ഊണും ഉറക്കവും കുറേ നാളേക്കു നേരത്തിനു കഴിക്കുമെന്നു തോന്നുന്നില്ല.

ശങ്കരൻ: എന്നാലും വേണ്ടില്ല, ഏമാന്റെ വകയായി ഒരു നാടകം ഉണ്ടാകട്ടെ. ഭേഷായിരിക്കും. സംശോല്ല. രെയിസ്ത്രാൾ ഗോവിന്ദപ്പണിക്കർ ദേവയാനീകചം നാടകം ഉണ്ടാക്കിയതിനെക്കുറിച്ച് അങ്ങോരുടെ ഡംഭൊന്നും പറയണ്ട. ഒരു കാശിനുകൊള്ളുകയില്ല. ഏമാന്റെ ഒന്നാന്തരമായിരിക്കും.

ഇവരിപ്രകാരം പറഞ്ഞുകൊണ്ടു നില്ക്കുന്നതിനിടയിൽ കല്യാണിയമ്മയുടെ സഹോദരൻ മാധവമേനോൻ പടി കടന്നുവന്നു. 'കച്ചേരിക്കു പോയിട്ടു നേരമെത്രയായി?' എന്നു ചോദിച്ചു. "പോയിട്ടില്ല. മാളികയിലുണ്ട്." എന്ന് ശങ്കരൻ ആംഗ്യം കാട്ടി മനസ്സിലാക്കി. "അതുവോ?" എന്നും പറഞ്ഞ് മാധവമേനോൻ. ബദ്ധപ്പെട്ടു കോണി കയറി മാളികയിലേക്കു പോയി.

മാധവമേനോൻ കരുണാകരമേനോനെ കണ്ട ഉടനേ "അല്ലാ, ഇന്നു കച്ചേരിക്കുതന്നെ പോയില്ല, അല്ലേ? കൊള്ളാം. വലിയ പണിക്കാർക്കു നേരം എത്ര വൈകിയാലും അഥവാ പോയില്ലെങ്കിലും ആരും ചോദിപ്പാനില്ലല്ലൊ."

എന്നു പറഞ്ഞു കുറേ ചിരിച്ചു. വീണ്ടും "ആട്ടെ. നാം ഇന്നലെ പറഞ്ഞ കാര്യം എത്രത്തോളമായി?" എന്നു ചോദിച്ചു.

കരുണാകരമേനോൻ: ഇന്ന് അവധിയെടുത്തുകളയാമെന്നു വിചാരിച്ചിരിക്കയാണ്. ഇനിക്കൊരു ചീത്ത ശീലമുണ്ട്. ഒരു കാര്യത്തിൽ മനസ്സിരുത്തിയാൽ പിന്നെ അതു കലാശിക്കുന്നതുവരെ വേറെ ചിന്തയില്ല. ഊണുമില്ല ഉറക്കവുമില്ല. നാം പറഞ്ഞ കാര്യം മാധവൻ ഇന്നലെ ഇവിടെ നിന്നു പോയതു മുതൽക്കു തുടങ്ങി.

മാധവമേനോൻ കുറേ ചെറുപ്പക്കാരനാകയാൽ കരുണാകരമേനോൻ അദ്ദേഹത്തെ മാധവൻ എന്നേ വിളിക്കാറുള്ളു. ചിലപ്പോൾ കുട്ടൻ എന്നും വിളിക്കും. കരുണാകരമേനോൻ പറഞ്ഞ വാക്കുകൾ കേട്ടപ്പോൾ മാധവമേനോൻ സന്തോഷംകൊണ്ട് ഒന്നു ചാടി, എലത്താളം കൊട്ടുന്നപോലെ കൈകൊട്ടി പറയുന്നു.

"ഇവിടുത്തേ ഉൽസാഹശീലം വിസ്മയനീയംതന്നെ. നാടകം പെട്ടെന്നു പുറത്തു വരണം. അതുവരെ ഒരീച്ചപോലും അറിയരുത്. പണിക്കാരുടെ ഞെളിച്ചിൽ ഒന്നു നിറുത്തണം. അച്ചടിപ്പിക്കുന്ന വേല ഞാൻ ഏറ്റു. ക്ഷണത്തിൽ തീർക്കണം. നാന്ദി ശ്ലോകം തീർന്നില്ലേ?"

കരുണാകരമേനോൻ: കഴിയാറായി. നാലഞ്ചക്ഷരം കൂടി കിട്ടണം. ഈ വേല നാം വിചാരിച്ചതുപോലെ അത്ര എളുപ്പമല്ല. എങ്കിലും അതുകൊണ്ട് ഇനിക്കൊരു കൂസലും ഇല്ല. ഇതിനു മുമ്പിൽ ശ്ലോകങ്ങൾ ഉണ്ടാക്കീട്ടില്ലാത്തതുകൊണ്ട് ആദ്യം അല്പം ബുദ്ധിമുട്ടുണ്ടാകുമായിരിക്കും. അതു സാരമില്ല.

മാധവമേനോൻ: "ഹൂ അതുകൊണ്ടെന്താ? കാളിദാസനായിട്ട് നാടകം ഉണ്ടാക്കാൻ കഴിയുമോ? നല്ല കഥയായി. ആശങ്കയൊന്നും വേണ്ട. ശ്ലോകം തീർന്നെടത്തോളം കേൾക്കട്ടെ."

കരുണാകരമേനോൻ: അത്ര നന്നായിട്ടുണ്ടോ എന്നു സംശയമാണ്. എങ്കിലും ചൊല്ലാം.

അഞ്ചാതമ്പോടു പാരിൽ മലയൊടു സമയാം
പൂതനാ താമരാക്ഷി
വഞ്ചിപ്പാൻ കൊഞ്ചിവന്നിട്ടുടനിഹ കുചകും–
ഭം കൊടുത്തോരു നേരം
ചെഞ്ചെമ്മേ ചഞ്ചലാക്ഷീം യമപുരമഥ പൂ–
കിച്ച ഗോപാലകൃഷ്ണൻ

ഇനിയത്തേ പാദം മുഴുവനായിട്ടില്ല. തുടക്കത്തിൽ കുറേ അക്ഷരം കിട്ടണം. പ്രാസവും വേണം.

.....പ്രസാദം കനിവതിനു കൃപാം
തെണ്ടിനേൻ ഇണ്ടലെന്യേ

മാധവമേനോൻ: ഇതാണോ ചീത്തയെന്നു ശങ്കിച്ചത്? ആ പണിക്ക ക്കൊട്ടിയുടെ നാടകം മുഴുവനിലും ഇത്ര നല്ല ഒരു ശ്ലോകം നോക്കിയാൽ കാണുമോ? അനുപ്രാസം വെക്കുന്നതിൽ ഇവിടുത്തേ സാമർത്ഥ്യം ഞാൻ ഒട്ടും കരുതാത്തതാണ്. എങ്കിലും ഒരു സംശയമുണ്ടെനിക്ക്.

കരുണാകരമേനോൻ (ബദ്ധപ്പെട്ട്): എന്താത്?

മാധവമേനോൻ: "ഗോപാലകൃഷ്ണൻ എന്ന പദം അത്ര ചേർച്ച യുണ്ടോ എന്നു മാത്രം ഒരു സംശയം. മറ്റൊന്നുമല്ല. പൂതനയ്ക്കു മോക്ഷം കൊടുത്ത കാലത്തു ശ്രീകൃഷ്ണൻ കുട്ടിയല്ലേ ആയിരുന്നത്? ഗോപാല വൃത്തിക്കു കാലമായിട്ടില്ലല്ലൊ."

കരുണാകരമേനോൻ: അതത്ര സാരമുള്ള കാര്യമാണെന്നു തോന്നു ന്നില്ല. കാലഗണനയിൽ ദോഷം കാവ്യങ്ങളിൽ പലെടത്തും വരാറു ണ്ടെന്നു ഗുരുമുഖത്തിൽനിന്നും കേട്ടിട്ടുണ്ട്. പദങ്ങളുടെ അർത്ഥം അത്ര ശരാശരിയായി നോക്കുവാൻ പോയാൽ ഈ ദോഷം കൂടെക്കൂടെ കാണ്മാൻ സംഗതിയുണ്ട്. ശങ്കരശാസ്ത്രികളുമായി ഞാൻ വർത്തമാനം പറഞ്ഞുകൊണ്ടിരിക്കുമ്പോൾ അദ്ദേഹം കാലഗണനാഭാവത്തിന് ഉദാഹ രണമായി ഇന്നലെ ഒരു ശ്ലോകം ചൊല്ലി. ഞാൻ അതുടനേ കാണാപ്പാഠ മാക്കി.

മാധവമേനോൻ: "എന്താത്? അതിനിക്കു പഠിക്കണം."

കരുണാകരമേനോൻ:

വിശ്വാവസുപ്രഗ്രസരപ്രവീണൈ
സ്സംഗീയമാനസ്ത്രിപുരാപദാന്യൈഃ
അധ്വാനമധ്വാന്തവികാരപഥ്യ
സുതാര താരാധിപഖണ്ഡധാരീ.

ഇതിൽ ത്രിപുരാപദാന്യൈഃ എന്ന പദത്തിൽ ഈ ദോഷമുണ്ടത്രെ. ആട്ടെ. ആ കഥ പോകട്ടെ. ഗോപാലകൃഷ്ണൻ എന്നതിൽ വല്ല ദോഷ വുമുണ്ടെങ്കിൽ നമുക്ക് ആ പദംതന്നെ മാറ്റിക്കളയാം. മാധവൻ ആൾ രസികനാണ്. ഇത്രയ്ക്കുണ്ടെന്നു ഞാൻ നിരൂപിച്ചില്ല. നമുക്കെന്തൊ അതിനു വിദ്യ?

മാധവമേനോൻ: "കുട്ടി എന്നോ കുട്ടൻ എന്നോ വേണം. എന്നാലേ ശിശുത്വവും ഓമനത്വവും വരൂ."

കരുണാകരമേനോൻ: ആ പദം കൊള്ളാം. എങ്കിലും അതു കൊണ്ടും അക്ഷരം പോരാതെ വരുമല്ലോ. 'യമപുരമഥ പൂകിച്ച...കുട്ടൻ' മൂന്നക്ഷരംകൂടി വേണം.

ഇതിന്നു മാധവമേനോൻ ഒന്നും മറുപടി പറയാതെ എന്തോ ആലോചിച്ചുകൊണ്ടിരിക്കുന്നതുപോലെ അല്പനേരം ഇരുന്നു. കരുണാകരമേനോനും ആലോചിക്കാൻ തുടങ്ങി. അല്പം കഴിഞ്ഞപ്പോഴേക്കു മാധവമേനോൻ അത്യന്തം മുഖപ്രസാദത്തോടുകൂടെ പെട്ടെന്നു "കിട്ടി" എന്നു പറഞ്ഞു. "കേൾക്കട്ടെ" എന്നു കരുണാകരമേനോൻ ചോദിച്ചു. ഉടനേ മാധവമേനോൻ കരുണാകരമേനോന്റെ കയ്യിൽനിന്നും ശ്ലോകം എഴുതിയ കടലാസു വാങ്ങിച്ച് 'ഗോപാലകൃഷ്ണൻ' എന്നതിന്റെ പാഠാന്തരമായി താൻ കണ്ടുപിടിച്ച വാക്കുകൾ വെച്ചു വായിക്കുന്നു.

ചെഞ്ചെമ്മേ ചഞ്ചലാക്ഷീം യമപുരമഥ പൂ-
കിച്ച ചട്ടറ്റ കുട്ടൻ

കരുണാകരമേനോൻ: "എന്നെ വെറുതെ പരിഹസിക്കാനായിട്ടാണ് മാധവൻ എന്നോടു നാടകം ഉണ്ടാക്കാൻ പറഞ്ഞത്. കുട്ടൻ എന്നെക്കാൾ യോഗ്യനായ ഒരു കവിയാണ്, സംശയമില്ല. ഇപ്പോൾ വസ്തുത പറയാമല്ലോ. 'തെണ്ടിനേൻ ഇണ്ടലെന്യേ' എന്ന അനുപ്രാസം കിട്ടുവാൻ ഇനിക്കു നാലഞ്ചു നാഴിക വേണ്ടി വന്നു."

മാധവമേനോൻ (സന്തോഷത്തോടും ഗൂഢമായ ഗർവത്തോടുംകൂടെ): അല്പനായ എന്നെ പരിഹാസമായി ഇങ്ങനെ ശ്ലാഘിച്ചിട്ട് ഇവിടേക്കെന്തോ കിട്ടുന്നത്? രണ്ടക്ഷരം ഒരു പാഠാന്തരമായി ഇനിക്കു ഗുരുത്വം കൊണ്ടു തോന്നിയതിനാൽ ഞാൻ വലിയ കവിയായിപ്പോയോ?

കരുണാകരമേനോൻ: "അതങ്ങനെയല്ലേ പറയാൻ പാടുള്ളൂ. 'മന്ദഃ കവിയശഃപ്രാർത്ഥി' എന്നല്ലേ സാക്ഷാൽ കാളിദാസൻ തന്നത്താൻ പറയുന്നത്? ആട്ടെ, ആ കാര്യം പോകട്ടെ. നാടകം ഏതായാലും തുടങ്ങിയ അവസ്ഥയ്ക്ക് അത് അവസാനിപ്പിക്കാഞ്ഞാൽ നമുക്കു പോരായ്കയുണ്ട്. കുട്ടന്റെയും സഹായം പ്രത്യേകം വേണം."

മാധവമേനോൻ: നല്ല കഥയായി. എനിക്കെന്തറിയാം? എനിക്കെന്തു വിൽപ്പത്തിയാണുള്ളത്?

കരുണാകരമേനോൻ: "എനിക്കെന്തു വിൽപ്പത്തിയാണ്?"

മാധവമേനോൻ: നാരായണ! ഇവിടേക്കു വിൽപ്പത്തിയോ? നാവെടുത്താൽ രഘുവംശം ശ്ലോകമാണ്. അക്ഷരശ്ലോകം ചൊല്ലിയാൽ ഇവിടുന്ന് അച്ചു വെക്കാത്ത ആളുകളിവിടെ ഉണ്ടോ? ഇവിടുന്ന് അച്ചു കുടിച്ചതായി ഞാൻ ഇതുവരെ കേട്ടിട്ടില്ല. മിണ്ടുന്ന പദങ്ങൾക്കൊക്കെ അഭിധാനം നാവിന്റെ തുമ്പിലാണ്. 'ഏതു നേരം നോക്കിയാലും ശ്ലോകം ചൊല്ലലാണു വേല. കുളിയും മറ്റും നേരാംവണ്ണം ഇല്ലാതെയായി' എന്നു പറഞ്ഞ് കല്യാണി അൽപ്പം മുഷിഞ്ഞിരിക്കയാണ്. ശിവ ശിവ! ഈയു

ള്ളവന് ഇവിടുത്തേ വിൽപ്പത്തിയുടെ പത്തിലൊരംശം ഉണ്ടായിരുന്നു വെങ്കിൽ കാണായിരുന്നു ചെക്കൻ നാടകമെല്ലാം നാടകമാക്കുന്നത്. എന്തു ചെയ്യും? അതിനു നമുക്കു തലേലെഴുത്തില്ലല്ലോ. ഇവിടത്തേ അവസ്ഥയ്ക്ക് ഒരു നാടകമെങ്കിലും ഉണ്ടാക്കാഞ്ഞാൽ അവമാനമുണ്ട്.

കരുണാകരമേനോൻ: ആട്ടെ, അതെങ്ങനെയെങ്കിലും ആവാം. ഓരോന്നു പറഞ്ഞ് നാം നേരം വൃഥാ കളയരുത്. നമുക്കു കാര്യം നോക്കാൻ കിടക്കുന്നു. ശ്ലോകം മുഴുവനായിട്ടില്ല. നാലാം പാദത്തിൽ രണ്ടു നാലക്ഷരം കുറവുണ്ട്. പ്രാസവും ഒക്കണം. ആലോചിക്കു.

എന്നും പറഞ്ഞ് കരുണാകരമേനോൻ കസേരയിൽനിന്നും എഴുന്നേറ്റ് ഉലാത്തിത്തുടങ്ങി. കുറെ നേരം കഴിഞ്ഞിട്ടും ഒന്നും തോന്നുന്നില്ല. അപ്പോൾ മാധവമേനോനോടു പറയുന്നു "ഒരു 'ഞ്ച' ഉണ്ടാക്കിത്തരൂ. പിന്നെ ഞാൻ പറ്റിച്ചോളാം."

"ശ്ലോകത്തിന്റെ മൂന്നു പാദങ്ങളിലും വെച്ചിട്ടുള്ള 'ഞ്ച' എന്ന പ്രാസത്തിനൊപ്പിച്ചു നാലാം പാദത്തിനും 'ഞ്ച' എന്ന പ്രാസമുള്ള ഒരു പദം ആലോചിച്ചുണ്ടാക്കൂ" എന്നാണ് ഇപ്പറഞ്ഞതിന്റെ അർത്ഥമെന്ന് മാധവമേന്ന് ഉടനെ മനസ്സിലായി. അൽപ്പം ആലോചിച്ചിട്ട് പറയുന്നു. "നെഞ്ചിൽ എന്നായാലോ?"

കരുണാകരമേനോൻ: നെഞ്ചിൽ എന്നു പറയാറുണ്ടോ? നെഞ്ത് നെഞ്ത് എന്നല്ലേ രൂപം?

മാധവമേനോൻ: നെഞ്ച് എന്നും പറയാറില്ലേ? (സംശയത്തോടുകൂടെ) ഉണ്ടെന്നു തോന്നുന്നു. അതോ നെഞ്ചോ? നോക്കട്ടെ, നെഞ്ത്, നെഞ്ച്, നെഞ്ചിൽ, നെഞ്ത്തിൽ.

കരുണാകരമേനോൻ: നല്ലവണ്ണം ആലോചിച്ചിട്ടു മതി. വല്ലതും കൊണ്ടുചേർത്തിട്ട് അബദ്ധമായാൽ ആളുകൾ പരിഹസിക്കും. പരിഹാസക്കാർ ഇപ്പോൾ കുറെ അധികമുള്ള കാലമാണ്. പറങ്ങോടീപരിണയവും മറ്റും പുറപ്പെട്ടതു കണ്ടില്ലേ? അതുകൊണ്ടായില്ല. ഇനി നാടകങ്ങളെ പരിഹസിപ്പാനായി കോതാവിവാഹം എന്നോ മറ്റോ വല്ല ഗോഷ്ടിപ്പേരും കൊടുത്ത് വല്ല നാടകവും പുറപ്പെടാതിരിക്കയില്ലെന്നാണു തോന്നുന്നത്. രാമക്കുറുപ്പവർകൾ ചക്കീചങ്കരം എന്നൊരു പരിഹാസവാളെടുത്ത് നാടകക്കാരെ വെട്ടുവാനായി വളരെ നാളായി ഓങ്ങിക്കഴിക്കുന്നു. വാളിന്റെ പണി എന്നാണാവോ തീരുന്നത്? അതുകൊണ്ടു കുട്ടൻ നല്ലവണ്ണം ആലോചിച്ചിട്ടേ പറയേണ്ടു. പണിക്കർ ശത്രുവാണ്. അയാൾക്കു വല്ലതും കിട്ടിയാൽ പിന്നെ കിടന്നുപൊറുക്കാൻ നോക്കണ്ട.

മാധവമേനോൻ: പോകാൻ പറയൂ ആ പെറക്കിയോട്. അവനെന്തറിയാം? തേങ്ങയൊ? ഇനിക്കവന്റെ പേരേ കേൾക്കണ്ട. എരപ്പാളി. തെമ്മാടിക്കഴുവേറി. കാണിച്ചുകൊടുക്കാം.

കരുണാകരമേനോൻ: ആ കാര്യം കളയൂ.

മാധവമേനോൻ(പതുക്കെ): നെഞ്ച്. നെഞ്ത്തകം. നെഞ്ചകം. (ഉറക്കെ) ശരിയാണ് ഞാൻ പറഞ്ത വാക്ക്. നെഞ്ച് എന്നു പറയാം.

"പഞ്ചതാരപ്പൊടി ഏറ്റം ചിലത്തിയാൽ
നെ....."

കരുണാകരമേനോൻ: ഇനി ചൊല്ലണ്ട. ശരിതന്നെ. തോന്നി. എങ്കിലും ഇനിയും വേണമല്ലോ രണ്ടക്ഷരംകൂടി.

മാധവമേനോൻ: അതും പറഞ്ഞുകളയാം. അതും തോന്നി. കിഞ്ചിൽ എന്നായാൽ ദോഷമുണ്ടോ? വെച്ചുചൊല്ലി നോക്കു.

കരുണാകരമേനോൻ:

അഞ്ചാതമ്പോടു പാരിൽ മലയൊടു സമയാം
പൂതനാ താമരാക്ഷി
വഞ്ചിപ്പാൻ കൊഞ്ചിവന്നിട്ടുടനിഹ കുചകം-
ഭം കൊടുത്തോരു നേരം
ചെഞ്ചെമ്മേ ചഞ്ചലാക്ഷീം യമപുരമഥ പൂ-
കിച്ച ചട്ടറ്റ കൂട്ടൻ
നെഞ്ചിൽ കിഞ്ചിൽ പ്രസാദം കനിവതിനു കൃപാം
തെണ്ടിനേനിണ്ടലെന്യേ

മാധവമേനോൻ: അയ്യാ! രസികൻ ശ്ലോകമായില്ലെ? ഇത്ര നല്ല ശ്ലോകം ഞാൻ ഇപ്പോഴൊന്നും കേൾക്കാറില്ല. ഭേഷ് ഭേഷ്. ഒരിക്കൽക്കൂടി കേൾക്കണമിനിക്ക്.

കരുണാകരമേനോൻ: ഞാൻ ഇത് ഇത്ര നന്നാകുമെന്ന് സ്വപ്നേപി കരുതീട്ടുണ്ടായിരുന്നില്ല. ഇതാ ചൊല്ലിക്കൊള്ളു--എന്നും പറഞ്ഞ് തന്റെ കയ്യിൽ ഇരിക്കുന്ന കടലാസുതുണ്ട് മാധവമേനോന്റെ പക്കൽ കൊടുക്കുന്നു.

അപ്പഴേക്കും ശങ്കരൻ ചടാപടാ എന്നു കോണിപ്പടി കയറി ബദ്ധപ്പെട്ടു വന്ന് രണ്ടു മടക്ക് ഒന്നാന്തരം ഇഞ്ച കൊണ്ടുവന്ന് "ഇതാ ഇഞ്ച" എന്നും പറഞ്ഞ് കരുണാകരമേനോന്റെ അടുക്കൽ വെച്ചു.

കരുണാകരമേനോൻ വെളുപ്പാൻ കാലത്തുതന്നെ കുളിച്ചിരിക്കുന്നു. പക്ഷേ, ഈ വിഡ്ഢി ശങ്കരൻ ആ കഥ മറന്നു. സ്വാമിഭക്തിയും മറ്റും കലശലാണെങ്കിലും ശങ്കരൻ കുറേ വിഡ്ഢിയാണ്. തന്റെ എയമാൻ നാടകം ഉണ്ടാക്കയാണെന്നു കേട്ടതുമുതൽ ഇവനു കരുണാകരമേനോന്റെ നേരേ ബഹുമാനവും ഭക്തിയും എരട്ടിച്ചിരിക്കുന്നു. മാധവമേനോൻ മാളികമുറിയിലേക്ക് കയറിപ്പോയിട്ട് അല്പനേരം കഴിഞ്ഞപ്പോൾ ഈ ശങ്കരൻ പതുക്കെ ചെന്ന് കോണിവാതിക്കൽ അവരെന്താണ് പറയുന്നതെന്ന് കേൾപ്പാനായി അനങ്ങാതെ നിൽക്കുന്നുണ്ടായിരുന്നു. കരുണാകരമേനോൻ വേണ്ടുംവണ്ണം തേച്ചുകുളിയും മറ്റും കഴിക്കുന്നില്ലെന്നും അതുകൊണ്ട് കല്യാണിയമ്മ അല്പം മുഷിഞ്ഞിരിക്കുന്നു എന്നും മാധവമേനോൻ പറഞ്ഞ ഉടനേതന്നെ കരുണാകരമേനോൻ "ഞ്ച" ഉണ്ടാക്കിത്തരു എന്നു പറഞ്ഞത് തന്നോടാണെന്നും തന്നെ കരുണാകരമേനോൻ കാണുക കഴിഞ്ഞു എന്നും ശങ്കരൻ കണക്കാക്കി ഇഞ്ച ക്ഷണത്തിൽ തയാറാക്കിക്കൊണ്ടു വന്നിരിക്കയാണ്. കരുണാകരമേനോൻ ഊണു കഴി

ച്ചിട്ടില്ലാത്തതിനാൽ കുളിയും കഴിച്ചിട്ടില്ല എന്നും അതുകൊണ്ടാണ് ഇഞ്ചെ ചോദിച്ചതെന്നും ഈ വിഡ്ഢ്യാൻ അന്ധാളിച്ചുപോയതാണ്.

അങ്ങനെ ഇവൻ ഇഞ്ചമടക്ക് കൊണ്ടുവന്ന് മുമ്പിൽ വെച്ചതു കണ്ടപ്പോൾ കരുണാകരമേനോൻ "എന്തെടാ ഇത്?" എന്നു ചോദിച്ചു. "ഇഞ്ചെ ഉണ്ടാക്കിക്കൊണ്ടുവരാനായിട്ട് കല്പിച്ചപോലെ കൊണ്ടുവന്നതാണ്" എന്നു മറുപടി പറഞ്ഞു. മാധവമേനോൻ ഇതു കേട്ടപ്പോൾ പൊട്ടിച്ചിരിച്ചു. ചിരി നിറുത്തീട്ടും നിൽക്കുന്നില്ല. അതു കണ്ടിട്ട് ശങ്കരനും അല്പം ചിരി വന്നു. കരുണാകരമേനോന്റെ മുഖം ഒന്ന് കറുത്തു. മാളികമുറിയിൽ വെച്ചുണ്ടായ വർത്തമാനം മുഴുവനും ശങ്കരൻ പതുങ്ങിനിന്നു കേട്ടു എന്നും ശ്ലോകമുണ്ടാക്കിയതിൽ മാധവമേനോൻ സഹായിച്ച വിവരം ശങ്കരൻ അറിഞ്ഞു എന്നും ഉള്ള വിചാരമാണു കരുണാകരമേന്ന് സഹിച്ചു കൂടാത്തത്. എന്നുതന്നെയല്ല ശങ്കരൻ തന്നെ പരിഹസിക്കയല്ലേ എന്നു കൂടി ഒരു ശങ്ക തുടങ്ങി. കോപം ജ്വലിച്ചു. "ഈ കഴുവേറിയെ കൊന്നാലെന്താണ്?" എന്നും പറഞ്ഞ് ശങ്കരന്റെ നേരേ ഓടിയടുത്ത് തലയ്ക്കു നോക്കി ഒരു ഊക്കൻ ഇടി കൊടുത്തു. ശങ്കരൻ ഈ ഇടിയിൽനിന്നും നീങ്ങി ഒഴിഞ്ഞതിനാൽ കരുണാകരമേനോന്റെ ലാക്കു തെറ്റി. ആ ആച്ചലോടുകൂടെ അദ്ദേഹം വീഴാൻപോയി. എന്നുതന്നെയല്ല പകുതി വീണു. അപ്പോൾ മാധവമേനോന്റെ ചിരി അടക്കിക്കൂടാതായി. ശങ്കരൻ എലിപോലെ നിന്നു വിറയ്ക്കുന്നു എങ്കിലും മാധവമേനോന്റെ മുഖത്ത് ഒന്നു നോക്കിയ ക്ഷണത്തിൽ ശങ്കരനും പൊട്ടിച്ചിരിച്ചുപോയി. ശങ്കരൻ തന്നെ പരിഹസിക്കയാണെന്ന് ഇപ്പോൾ തീർച്ചയായി. ഓടിച്ചെന്നു ശങ്കരനെപ്പിടിച്ച് ഒരു തള്ള്. പാവം ശങ്കരൻ ചക്ക വീഴുന്ന മാതിരി പിതോം എന്നങ്ങട്ട് മലർന്നുവീണു. കരുണാകരമേനോൻ തുടങ്ങി ഇടി. ഇടിതന്നെ. എന്തൊരിടി. "കഴുവേറീ, ചാവ്. നിയ് എന്നെ പരിഹസിക്കാറായോ? ഇഞ്ചെ ചോദിച്ചു ഞാൻ നിന്നൊട്, അല്ലേ? ചാവ്, ചാവ്" എന്നും പറഞ്ഞ് അടി, ഇടി, ചവിട്ട് മുതലായത് തിരുതകൃതി. ശങ്കരൻ "അയ്യോ ഞാൻ ചത്തോ. എന്നെക്കൊന്നോ എന്നെക്കൊന്നോ" എന്ന് ഉറക്കെ നിലവിളിക്കുന്നു. മാധവമേനോൻ ഇതിനിടയിൽ തിടുക്കത്തിൽ കോണിയിറങ്ങി കല്യാണിയമ്മയുടെ അടുക്കൽ ചെന്ന് "ശങ്കരനെ ഇപ്പോൾ പാകമാക്കും" എന്നും പറഞ്ഞ് ഇറങ്ങിപ്പോയി.

രണ്ടാം അദ്ധ്യായം

ആ കഥ അവിടെ നിൽക്കട്ടെ. ഇനി "ദെയിസ്ത്രാൾ" ഗോവിന്ദപ്പണിക്കരുടെ വീട്ടിൽ നടന്ന ഒരു സംഭാഷണം ഇവിടെ വിവരിക്കാം. പുത്തമ്പാറെ ഗോവിന്ദപ്പണിക്കർ ഹജൂർ റജിസ്ട്രാരാണ്. ഏകദേശം മുപ്പത്തഞ്ചു വയസ്സ് പ്രായമുണ്ട്. മഹാരസികനും ശൃംഗാരിയും ആണെങ്കിലും ശുണ്ഠിത്വത്തിൽ കിഴക്കെസ്രാമ്പിയിൽ കരുണാകരമേനോനെക്കാൾ അല്പം കുടുമെന്നല്ലാതെ ഒട്ടും കുറകയില്ല. വ്യുൽപത്തി ഇക്കാലത്തെ അവസ്ഥ ആലോചിച്ചാൽ, വളരെ അധികമുണ്ടെന്നു പറഞ്ഞുകൂടാ. എന്നാൽ, നാട്യം അത്രയ്ക്കല്ലതാനും. കയ്ക്കുളങ്ങരെ രാമവാരിയരാകട്ടെ കൊടുങ്ങല്ലൂർ തമ്പുരാക്കന്മാരാകട്ടെ ഇങ്ങേ അറ്റം വലിയകോയിത്തമ്പുരാൻതന്നെ ആകട്ടെ ഒക്കെ ഒരുവക എന്നാണ് ഇദ്ദേഹത്തിന്റെ ഭാവം. അതു നിമിത്തം പുത്തമ്പാറെ ഗോവിന്ദപ്പണിക്കർക്ക് വിദ്യാവിഷയത്തിൽ പല ശത്രുക്കളും ഉണ്ടായിരുന്നു എന്നു കേൾക്കുന്നതിൽ വായനക്കാർ അദ്ഭുതപ്പെടുവാനില്ലല്ലൊ.

ഒരു ദിവസം കാലത്ത് ഏകദേശം ആറര മണിക്ക് ഇദ്ദേഹം പതിവിൻപ്രകാരം കാപ്പി കഴിച്ച് പുമുഖത്ത് ഒരു ചാരുകസേരിയിൽ വർത്തമാനക്കടലാസു വായിച്ചു കിടക്കയായിരുന്നു. അപ്പോൾ ഹജൂർ ട്റാൻസ്ലേട്ടർ ശേഷയ്യർ, ഹെഡ് ക്ലേർക്ക് കേശവനെളയത് എന്നിവർ അവിടെ വന്നു. ഇവർ ഹജൂരിൽ തന്റെ സഹചാരികളാകയാൽ ഗോവിന്ദപ്പണിക്കരുടെ ഇഷ്ടന്മാരാണ്. ശേഷയ്യർ അല്പം നാരദനും അതിനാൽ കടികൂട്ടുന്നതിൽ ബഹുസമർത്ഥനും ആണ്. പണിക്കർ ഒരു വലിയ കവിയാണെന്നു ഭാവിച്ചുംകൊണ്ടു നടക്കുന്നതിനെക്കുറിച്ച് ശേഷയ്യർക്കു കുറെ പരിഹാസമാണ്. എങ്കിലും അതൊന്നും പ്രസിദ്ധമായി ആരോടും പറയാറില്ല. എളയത് അങ്ങനെയല്ല. പണിക്കർക്കു വളരെ സ്നേഹവും വിശ്വാസവും

ആണ്. എളയതിനും പണിക്കരെ എത്രയും ബഹുമാനമുണ്ട്. ഇവർ രണ്ടു പേരും വന്ന ഉടനേ പണിക്കർ എഴുന്നേറ്റു കസേര വലിച്ചിട്ടുകൊടുത്തു. ഇരിക്കാൻ പറഞ്ഞു. അതിന്റെ ശേഷം അവിടെ നടന്ന സംഭാഷണം താഴെ ചേർക്കുന്നു.

ഗോവിന്ദപ്പണിക്കർ: കേട്ടില്ലേ എളയത്? ആ മാധവമേനോൻ ഇപ്പോൾ നമ്മോടായി മൽസരം. കരുണാകരമേന്നെ ദിവസവും ചെന്ന് അസഹ്യപ്പെടുത്തുകയാണത്രെ.

എളയത്: ഞാനും കേട്ടു അല്പം. ആ വിവരം പറയാനായിട്ടാണ് ഇങ്ങട്ടു പുറപ്പെട്ടത്. വഴിക്കു ശേഷയ്യരെ കണ്ടു.

ശേഷയ്യർ: ഇനിക്കിതൊന്നും ലവലേശം മനസ്സിലാകുന്നില്ല. നിങ്ങൾ എന്തോ പറയുന്നു. എന്തു മത്സരമാണ്. പക്ഷേ, സ്വകാര്യമായിരിക്കുമോ എന്നാൽ ഞാൻ പൊയ്ക്കളയാം–എന്നും പറഞ്ഞ് എഴുന്നേൽക്കാൻ തുടങ്ങുന്നു.

ഗോവിന്ദപ്പണിക്കർ: ഛേ. ഇരിക്കു ശേഷയ്യരേ. പറയാം. ശേഷയ്യരുള്ളപ്പോൾ എന്തു സ്വകാര്യമാണിനിക്ക്. ഒക്കെ മനസ്സിലാക്കിത്തരാം. നല്ല രസമുണ്ട്.

എളയത്: മാധവമേന്റെ വർത്തമാനം ഇവിടെ ആരാണ് പറഞ്ഞത്?

ഗോവിന്ദപ്പണിക്കർ: ആ ചെക്കൻ ചങ്കരൻ ഇന്നലെ ഇവിടെ വന്നിട്ടുണ്ടായിരുന്നു. അവൻ വലിയ സ്വകാര്യമായി വെച്ചിരിക്കയാണത്രെ. ഇവിടെ അടിച്ചുതളി നാരായണിയോടാണ് പറഞ്ഞത്, കരുണാകരമേനോൻ നാടകം ഉണ്ടാക്കുന്നുണ്ടെന്ന്.

എളയത്: അവൻതന്നെയാണ് മഠത്തിലേ ശിഷ്യൻ ഗോപാലനോടും പറഞ്ഞത്.

ഗോവിന്ദപ്പണിക്കർ: ആ കഴുവേറിക്ക് ഇതുതന്നെയാണു വേല. കരുണാകരമേന്റെ അവസ്ഥകളും മറ്റും എല്ലായിടത്തും ഘോഷിച്ചുകൊണ്ട് നടക്കയാണു പണി. അദ്ദേഹം ഈ വർത്തമാനം കേട്ടാൽ കഴുവേറിയെക്കൊല്ലും. നാടകം അത്ര ഗോപ്യമായിട്ടാണത്രേ ഉണ്ടാക്കുന്നത്.

ശേഷയ്യർ: ഓ ഹോ. നാടകമാണല്ലെ? ഇപ്പോൾ മനസ്സിലായി. നായന്മാർക്കിപ്പോൾ ഇതല്ലേ സമാചാരമുള്ളൂ.

എളയത്: നാടകത്തിന്റെ പേര് എന്താണെന്നറിഞ്ഞുവോ?

ഗോവിന്ദപ്പണിക്കർ: ഇല്ല. അതില്ല.

എളയത്: മാധവമേനോൻ പറഞ്ഞിട്ടാണോ നാടകം ഉണ്ടാക്കാൻ തുടങ്ങിയിരിക്കുന്നത്?

ഗോവിന്ദപ്പണിക്കർ: ആ വിദ്വാന് ഇപ്പോൾ കിഴക്കേസ്രാമ്പിയിൽ നിന്നൊഴിഞ്ഞിട്ടുള്ള നേരമുണ്ടോ? നാണമില്ലാത്തവൻ. അവനെന്തു മേനോൻ?

ഇതു കേട്ടപ്പോൾ ശേഷയ്യനു കുറെ രസം പിടിച്ചു. പണിക്കർക്കും മാധവമേനോനും തമ്മിൽ എന്തോ ശണ്ഠയുണ്ടെന്നും കഴിയുമെങ്കിൽ അതു മുറുക്കി രണ്ടുപേരെയും ചെണ്ടകൊട്ടിക്കണമെന്നും നിശ്ചയിച്ചു.

ഈ നാടകക്കാരെ ശേഷയ്യനു പണ്ടേതന്നെ പരിഹാസമാണെന്നു മുമ്പിൽ പറഞ്ഞിട്ടുണ്ടല്ലൊ.

ശേഷയ്യൻ: ഈ ഗോവിന്ദപ്പണിക്കർക്ക് ഒരു ദോഷമുണ്ട്. വളരെ ചീത്തയാണ്. യോഗ്യറും മാന്യറും ആയവരെയൊക്കെ ചീത്ത പറയും.

ഗോവിന്ദപ്പണിക്കർ: ഏതു യോഗ്യൻ? ആ എരപ്പാളി മാധവനോ? ആ അസൂയക്കുക്ഷിയോ? അവൻ യോഗ്യനാണത്രെ. വേണ്ട. സ്വാമി എന്നെക്കൊണ്ട് അധികം പറയിക്കണ്ട. എരപ്പാളി. നാണമില്ലാത്ത ചൂല്.

ശേഷയ്യൻ: ഇങ്ങനെ തുമ്പും വാലുമില്ലാതെ പറഞ്ഞതുകൊണ്ടായില്ല. നിങ്ങൾ തമ്മിൽ ഇത്ര വൈരം ഉണ്ടാവാൻ എന്താണ് സംഗതി? പരമാർത്ഥമായി പറയണം. ഞാൻ നിങ്ങളെ സമാധാനപ്പെടുത്താം.

ഗോവിന്ദപ്പണിക്കർ: സമാധാനപ്പെടുത്തുകയോ? ആരെ? ആ എരപ്പാളി മാധവനെയും എന്റെ പട്ടിയെയും സമാധാനപ്പെടുത്താൻ കൂടി ഇവിടെ സമ്മതമില്ല. അങ്ങ് ബ്രാഹ്മണനല്ലേ. ഇതിലും കടുപ്പമായി പറഞ്ഞുകൂടല്ലൊ.

ശേഷയ്യൻ (ചിരിച്ചുംകൊണ്ട്): ഈ പുത്തമ്പാറെ വീട്ടുകാറൊക്കെ ഇങ്ങനത്തവരാണ്. ബഹുദേഷ്യക്കാറാണ്. എന്താ മാധവമേന്നുമായുള്ള വഴക്ക്? പറയൂ.

എളയത്: ആ കാര്യം കളയൂ. അത് പറയുക എന്നുവെച്ചാൽ വളരെയുണ്ട്–എന്നു പറഞ്ഞ് കുറെ ചിരിച്ചു പണിക്കരുടെ മുഖത്തു നോക്കുന്നു.

ശേഷയ്യൻ: എന്താ? കേൾക്കട്ടെ. എന്തോ സ്വകാര്യമുണ്ട്. ഇനിക്കു കേൾക്കറുതോ?

ഗോവിന്ദപ്പണിക്കർ (എളയതിന്റെ മുഖത്തു നോക്കി മന്ദസ്മിതത്തോടു കൂടെ): എന്താ? പറഞ്ഞാലൊരു പുല്ലുമില്ല.

എളയത്: വേണോ? (ശങ്ക നടിക്കുന്നു).

ശേഷയ്യൻ: കണ്ടുവോ? ഈ എളയത് ദുർഘടമുണ്ടാക്കുന്നത്?

ഗോവിന്ദപ്പണിക്കർ: എന്താണ്? പറയാം. ഒരു ബ്രാഹ്മണനോടു പറഞ്ഞിട്ടു വരുന്ന ദോഷമൊക്കെ വരട്ടെ. ഈ മാധവമേന്നു കിളിവേലി വീട്ടിലായിരുന്നു സംബന്ധം.

ശേഷയ്യൻ: സറി. ഞാൻ ഓർക്കുന്നുണ്ട്. കിളിവേലി ലക്ഷ്മി, രസികത്തി. ഇന്നലെ തൊഴാൻ പോകുന്നതു കണ്ടു. കേമത്തിയല്ലേ പെണ്ണ്?

ഗോവിന്ദപ്പണിക്കർ: അതേ. പക്ഷേ, ലക്ഷ്മിക്ക് ആ വിഡ്ഢ്യാനെ അത്രയ്ക്കേ രസമുള്ളു. കരുണാകരമേന്റെ ശുപാർശിയിന്മേൽ ഉണ്ടാക്കിയ സംബന്ധമാണത്രെ.

ശേഷയ്യൻ: പിന്നെയും പറയും വിഡ്ഢ്യാനെന്ന്. പണിക്കർ ബഹു ദുർഘടക്കാറൻതന്നെ ആട്ടെ. എന്നിട്ടോ?

ഗോവിന്ദപ്പണിക്കർ: അങ്ങനെ കുറെ നാൾ കഴിഞ്ഞപ്പോൾ, എന്നുവെച്ചാൽ ഒന്നു രണ്ടു മാസമായപ്പോൾ ലക്ഷ്മി ഈ മാധവമേന്നെ സ്വീകരിക്കാതെയായിത്തുടങ്ങി. ഇവിടത്തേ അടിച്ചുതളി ഈ കഥയൊക്കെ

ഇവിടെ വന്നു പറയും. ഒരു ദിവസം ഞാൻ കച്ചേരിയിൽനിന്നും വന്നു ചായ കഴിച്ച് നടക്കാനായി പോകുമ്പോൾ കിളിവേലിപ്പറമ്പിന്റെ അരികേയുള്ള ആ ഇടവഴിയിൽകൂടി വെച്ചു. അപ്പോൾ ലക്ഷ്മി ആ പറമ്പിൽ കുറേ ചെമ്പകപ്പൂവ് കയ്യിൽ പിടിച്ച് നിന്നിരുന്നു. എന്നെ കണ്ടപ്പോൾ "എങ്ങട്ടാ, ഇത്ര വയ്യിട്ട്? ഇഷ്ടമുണ്ടെങ്കിൽ കയറി മുറുക്കിപ്പോകാം" എന്നു പറഞ്ഞ് വല്ലാതെ ഒന്നു മന്ദഹാസംചെയ്തു. എന്റെ ദേഹം ആസകലം വിറച്ചു. എന്താണ് മറുപടി പറയെണ്ടതെന്നുണ്ടാകാതെ ഞാൻ അവിടെത്തന്നെ മരംപോലെ അല്പനേരം നിന്നു. അപ്പോൾ ലക്ഷ്മി വീണ്ടും "പടി കടന്നു വരാൻ വഴി ഇത്തിരി വളയണം. ഇതാ ആ ചെമ്പകം നിൽക്കുന്നതിന്റെ അടുക്കെ ഒരു കഴയുണ്ട്. അതിലേകൂടി കടക്കാം. ഇവിടെ വിശേഷിച്ചാരുമില്ല" എന്നു പറഞ്ഞു. എന്റെ ശേഷയ്യരേ, ഇനിക്കിതു കേട്ടപ്പോൾ ഏതെല്ലാം വികാരങ്ങളാണ് ഉണ്ടായതെന്ന് ഓർമയില്ല. നിന്നെടത്തുനിന്നും ഇളകാൻ നോക്കീട്ട് നീങ്ങുന്നില്ല. ഇടിവെട്ടു കൊണ്ടാൽ ഇതിലും ഭേദം. കിളിവേലിയിൽ ഞാൻ ചിലപ്പോൾ പോകാറുണ്ടെന്നല്ലാതെ ഈ ലക്ഷ്മിയായിട്ടു യാതൊരു പരിചയവും ഇല്ലാത്ത അവസ്ഥയ്ക്ക് ഇത്ര ലൗകികമായി സംസാരിച്ചതോർത്തു ഞാൻ വിസ്മയിച്ച് അവിടെത്തന്നെ നിന്നു "മാധവമേനോൻ ഇപ്പഴൊന്നും വരാറില്ലേ?" എന്നു ചോദിച്ചു.

അപ്പോൾ ലക്ഷ്മി "ഇല്ല. മാധവമേനോന്റെ വരവ് എന്നെങ്ങാനും ഒഴിഞ്ഞു. അയാളിവിടെ നാലോ അഞ്ചോ തവണ വരികയുണ്ടായി" എന്നു പറഞ്ഞു. ഉടനേ ഞാൻ "എന്തിനു വന്നു?" എന്നു ചോദിച്ചു.

അപ്പോൾ ലക്ഷ്മി അതിനൊന്നും മറുപടി പറയാതെ മുഖംതാഴ്ത്തി നിന്നു. അപ്പോൾ ഞാൻ "ആട്ടെ, ഒഴിയാൻ എന്താ സംഗതി?" എന്നു ചോദിച്ചു.

"എന്താ സംഗതി, വിശേഷിച്ചൊന്നുമില്ല."

അപ്പോൾ ഞാൻ "എങ്കിലും കേൾക്കട്ടെ" എന്നു പറഞ്ഞു.

ലക്ഷ്മി ഇത് കേട്ട് അല്പനേരം ഒന്നും മിണ്ടിയില്ല. ഒടുക്കം ഇങ്ങനെ പറഞ്ഞു. "എന്റെ കാര്യം ഞാൻ പറയാലൊ. ഇനിക്കിവിടെ കരുണാകര മേനോന്റെയല്ല. ഏതു ദേവേന്ദ്രന്റെ ശിപാർശി കൊണ്ടുവന്നാലും ഇനിക്കിഷ്ടമുള്ളവരല്ലാതെ....."

ഇതുവരെയായപ്പോഴേക്കും ലജ്ജാപരവശയായി സംസാരം നിറുത്തി. എങ്കിലും ഞാൻ സമ്മതിച്ചില്ല. "ഇഷ്ടമുള്ളവരല്ലാതെ..... എന്താണ്?" എന്നു ചോദിച്ചു.

ലക്ഷ്മി മിണ്ടിയില്ല. അധോമുഖിയായി കാൽവിരൽ കൊണ്ട് നിലത്ത് വരച്ചുംകൊണ്ടു നിന്നു.

അപ്പോൾ ഞാൻ "ഇതു വിഷമംതന്നെ. ഒന്നു പറഞ്ഞാൽ പിന്നെ അത് മുഴുവനാക്കാഞ്ഞാൽ വിഷമംതന്നെ" എന്നു പറഞ്ഞു.

അപ്പോൾ ലക്ഷ്മി (സഗദ്ഗദം) "ദയയുണ്ടെങ്കിൽ (പിന്നെ മിണ്ടുവാൻ പാടില്ല) ഒരു വിഷമവും ഇല്ല."

എന്നു പറഞ്ഞു മുഖം തുടച്ച് ഒരു ദീർഘനിശ്വാസം ചെയ്തു. ഇനിക്കിതു കണ്ടപ്പോൾ–ശേഷയ്യരോടിനിക്കു തുറന്നു പറയാമല്ലോ–ലക്ഷ്മിയുടെ നേരെയുണ്ടായ അനുരാഗം–ഇത്രയാണുണ്ടായതെന്നു പറഞ്ഞൊപ്പിക്കുവാൻ പ്രയാസം. എങ്കിലും സ്ത്രീകളെ അത്ര എളുപ്പത്തിൽ വിശ്വസിച്ചുകൂടല്ലോ എന്നു വിചാരിച്ച് എന്റെ പ്രണയം ലേശമെങ്കിലും പുറത്തുകാണിച്ചില്ല.

ശേഷയ്യൻ: പണിക്കർ ആൾ ബഹുസമർത്ഥൻതന്നെ–എന്നും പറഞ്ഞു കുറേ ചിരിച്ചു. കേശവനെളയതും ചിരിച്ച് "കളയൂ വേഗം കലാശിപ്പിക്ക്" എന്നു പറഞ്ഞു.

ശേഷയ്യൻ: എളയതവിടെ മിണ്ടാതെയിരിക്കു (ബദ്ധകൗതുകത്തോടെ ഗോവിന്ദപ്പണിക്കരൊട്) എന്നിട്ടോ?

ഗോവിന്ദപ്പണിക്കർ: ലക്ഷ്മിയെ ഒന്നുകൂടി പരീക്ഷിക്കണമെന്നു ഞാൻ നിശ്ചയിച്ചു. "പതിവ്രതാധർമ്മത്തിന്ന് ഈ വാക്കുകളൊന്നും അത്ര ചേരുന്നതല്ല. കിട്ടോ" എന്നു പറഞ്ഞു.

അപ്പോൾ ലക്ഷ്മി–: "എന്താ ചേരായ്ക? എന്റെ ഹിതത്തിനു വിരോധമായിട്ടു സംബന്ധം ഇനിക്കു വയ്യ. എന്നുതന്നെയല്ല ശീമയിൽ ഭാര്യകളെയും ഭർത്താക്കന്മാരെയും യഥേഷ്ടം മാറാമെന്ന് ഇന്നലെ കൂടി കൊച്ചുകുട്ടൻ കടലാസിൽ വായിച്ചുപറയുന്നതു കേട്ടു" എന്നു പറഞ്ഞു.

ഇതു കേട്ടപ്പോൾ ഇനിക്കു ഭയമായി. ഇങ്ങനത്തവളാണോ ഇവൾ? ഇതാണോ മനോഗതം? എന്നു ചിന്തിച്ച് ഇപ്രകാരം പറഞ്ഞു. "അയ്യോ. അങ്ങനെയാണ് കരുതിയിരിക്കുന്നത്? ഈ മ്ലേച്ഛന്മാരുടെ സമ്പ്രദായം നമ്മുടെ ഇടയിലും പരത്താനാണോ ലക്ഷ്മി കോപ്പിടുന്നത്? തരക്കേടില്ല. എന്നാൽ സംബന്ധക്കാർ വേണമെന്നില്ല."

ഞാൻ ഇങ്ങനെ പറഞ്ഞ് ഒന്നു രണ്ട് അടി വെച്ചു. അപ്പോൾ ലക്ഷ്മി എന്റെ മുഖത്തു സൂക്ഷിച്ചു നോക്കി വേഗം വേലിയുടെ അടുക്കലേക്കു വന്ന് മേൽപ്പറഞ്ഞ കഴ കടന്നു പതുക്കെ "പ്രാണവല്ലഭാ എന്നെ വ്യസനിപ്പിക്കരുതേ" എന്നു തൊണ്ടയിടറിപ്പറഞ്ഞതിന്റെ ശേഷം കണ്ണിൽ ബാഷ്പധാരയോടു കൂടെ കയ്യിൽ വെച്ചിരുന്ന ചെമ്പകപ്പൂമാല എന്റെ കുടുമയിൽവെച്ചു. ഒരു ക്ഷണനേരമെങ്കിലും പിന്നെ അവിടെ നിൽക്കാതെ കിളിവേലിയിലേക്കുതന്നെ ഓടിപ്പോയി. എങ്കിലും ശ്രോണീമണ്ഡലഭാരത്താൽ ഗമനം മന്ദമായിരുന്നു എന്ന് ഇനിക്കു തോന്നി.

ശേഷയ്യൻ: "ഭേഷ്, ഭേഷ്. ഈ വർത്തമാനമാണോ എളയതു മുടക്കുവാൻ നോക്കിയത്?"

ഗോവിന്ദപ്പണിക്കർ: "ലക്ഷ്മി പോയതോടുകൂടി എന്റെ പ്രാണങ്ങളും വലിച്ചുകൊണ്ടു പോയോ എന്നു ശങ്കിച്ചു ഞാൻ അവിടെ കുറേ നേരം ചത്തപോലെ നിന്നു. അല്ല, ചത്തപോലെയല്ല. സാക്ഷാൽ ചത്തു എന്നു തന്നെ പറയണം. എന്റെ നേരെയുണ്ടായ അനുരാഗത്തിന് എന്തു കാരണമെന്നറിയാതെ ഞാൻ ഏറ്റവും പരിഭ്രമിച്ചു."

ശേഷയ്യൻ: "കാരണം ഇപ്പോൾ വിശേഷിച്ചു വല്ലതും വേണമെന്നുണ്ടോ? ഗോവിന്ദപ്പണിക്കരുടെ രസികത്വം കണ്ടിട്ടു തന്നെ."

ഗോവിന്ദപ്പണിക്കർ: "അതുണ്ടോ ആവോ? ഇനിക്കറിഞ്ഞുകൂട. എങ്കിലും ഞാൻ പിന്നെ ഒരു വിധമൊക്കെ അറിഞ്ഞു. മഠത്തിൽ തിരിച്ചു വന്നതിന്റെ ശേഷം ഇനിക്കു വിചാരം ഒക്കെ ലക്ഷ്മിയെയും ആ മോഹനാംഗിയുടെ പ്രണയാതിരേകത്തെ സൂചിപ്പിച്ച വാക്കുകളെയുംകുറിച്ചായിത്തുടങ്ങി. അശേഷം ഉറക്കം വരുന്നില്ല. അന്നു രാത്രി ഒരു വിധം കഴിച്ചുകൂട്ടി. പിറ്റേദിവസം രാവിലേ ഞാൻ വിഷണ്ണനായി അനങ്ങാതെ പൂമുഖത്തിരിക്കുമ്പോൾ അടിച്ചുതളി നാരായണി കടന്നുപോകുന്നതുകണ്ടു. ഉടനേ അവളെ വിളിച്ച് ഉണ്ടായ വിവരമൊക്കെ പറഞ്ഞു കേൾപ്പിച്ചു. എന്റെ വർത്തമാനം പകുതിയായപ്പോഴക്കും അവൾ കുറേശ്ശ പുഞ്ചിരി കൊള്ളുന്നതു കണ്ടു. അതിന്റെ കാരണം ചോദിച്ചപ്പോൾ ആണ് ഇനിക്കു കഥ മനസ്സിലായത്."

"ഇവിടുത്തേ കാര്യം ലക്ഷ്മിക്കുട്ടി (ലക്ഷ്മിക്കുട്ടിയെന്നാണ് കിളിവേലിവീട്ടിലുള്ളവരും വേലക്കാരും വിളിക്കാറ്) എന്നോടു കൂടക്കൂടെ പറയാറും ചോദിക്കാറും ഉണ്ട്. ഇനിക്കു ലക്ഷ്മിക്കുട്ടിയുടെ ആഗ്രഹം അപ്പോൾതന്നെ മനസ്സിലായിട്ടുണ്ടായിരുന്നു. പിന്നെ ഇവിടുന്ന് ഇന്നാൾ നാടകം ഉണ്ടാക്കിയെന്നു കേട്ടതു മുതൽ എന്നെ ദിവസവും വിളിച്ച് ഇവിടുത്തേ വർത്തമാനം അന്വേഷിക്കാറുണ്ട്. അതു മുതൽക്കാണ് മാധവമേനെ ഒഴിച്ചത്. പെണ്ണിന് ഇവിടത്തേ നേരെയുള്ള ഭ്രമം ഒന്നും പറയണ്ട. ഇന്നലെ രാത്രി ലക്ഷ്മിക്കുട്ടി ഇനിക്കാളയച്ചിട്ടുണ്ടായിരുന്നു.ഞാൻ കിളിവേലിൽ ചെല്ലുമ്പോൾ നാലഞ്ചുനാഴിക രാത്രിയായി. എന്നെ കണ്ട ഉടനേ കൈകൊണ്ടു മാടിവിളിച്ചു ലക്ഷ്മിക്കുട്ടിയുടെ മുറിയിലേക്കു കൊണ്ടുപോയി ഇന്നലെ ഉണ്ടായ വർത്തമാനമൊക്കെ എന്നോടു പറഞ്ഞു. ആ നേരത്തു തന്നെ ഇവിടെ വന്നു പറഞ്ഞ് അങ്ങോട്ടു കൊണ്ടുചെല്ലണം എന്ന് എന്നോട് ലക്ഷ്മിക്കുട്ടി ആവശ്യപ്പെട്ടു. ഇരുട്ടായതിനാലും ഇവിടുത്തേ മനസ്സ് ഇനിക്കു നിശ്ചയമില്ലാത്തതിനാലും ഇനിക്കു കഴികയില്ലെന്നു ഞാൻ മറുപടി പറഞ്ഞു."

നാരായണിയുടെ ഈ വാക്കുകൾക്ക് എന്തുമാത്രം മാധുര്യമാണുണ്ടായിരുന്നതെന്നു ശേഷയ്യർക്ക് ഊഹിക്കാവുന്നതാണ്. ഓരോ വാക്കിനു നൂറുനൂറു രൂപ വിലപിടിക്കും. ആനന്ദസാഗരത്തിൽ നിമഗ്നനായി എന്നും മറ്റും പലെടത്തും പ്രയോഗിച്ചു കാണാം. ആ വക പ്രയോഗങ്ങൾ മുക്കാലിലധികം അതിശയോക്തിയും അനാവശ്യവുമാണ്. എന്നാൽ, എന്റെ ഈ സംഗതിയിൽ അത് യഥാർത്ഥമായിരുന്നു എന്നതിനു യാതൊരു സംശയവുമില്ല. "അസത്തേ, ആ വിവരം അപ്പോൾതന്നെ ഇവിടെ വന്നു പറയായിരുന്നില്ലേ? പറയുന്നതിൽ എന്താ ദോഷം?" എന്നു പറഞ്ഞ് ഞാൻ നാരായണിക്ക് ഒരു ഉറുപ്പിക എടുത്തു കൊടുത്തു. നാലുമണിക്ക് എന്റെ അടുക്കൽ വരണം എന്നും പറഞ്ഞ് അവളെ അയച്ചു. ലക്ഷ്മിക്ക് എന്റെ നാടകം ദേവയാനീകചം ഒരു പ്രതി അപ്പോൾ തന്നെ കൊടുത്തയച്ചു.

എളയത്: "മതി. കലാശിപ്പിക്കു. ഇനിയെന്താ പറയാനുള്ളത്."

ഗോവിന്ദപ്പണിക്കർ: "ഓ. അങ്ങനെതന്നെ, ചുരുക്കിപ്പറയാം. അന്നു മുതൽ ഇനിക്കു സംബന്ധം കിളിവേലിയിൽ ആണ്."

ശേഷയ്യൻ: അല്ലാ, ഇങ്ങനെയാണു സമാചാരം. എന്നിട്ട് ഇതുവരെ ഒരു വാക്കുപോലും പണിക്കർ എന്നോടു പറകയുണ്ടായോ? കഷ്ടം അതിനു മുമ്പിൽ സംബന്ധം ഉണ്ടായിരുന്നില്ലേ?

ഗോവിന്ദപ്പണിക്കർ: "സ്ഥിരമായ സംബന്ധം ഒരുത്തിയിലും ഇനിക്കുണ്ടായിരുന്നില്ല. കിളിവേലിയിൽ സംബന്ധം തുടങ്ങിയതു മുതൽ ആ വിഡ്ഢി–അതാണ് ഞാൻ അവനെ, ആ മാധവമേന്നെ, വിഡ്ഢിയെന്നു പറയുന്നത്––ആ വിഡ്ഢ്യാൻ എന്നെക്കുറിച്ച് എന്തെല്ലാം അപവാദങ്ങളാണു പറഞ്ഞു നടത്തിയത്. ഞാൻ ക്ഷുദ്രപ്രയോഗത്താൽ ആണത്രെ അയാളുടെ സംബന്ധം ഒഴിപ്പിച്ചതും ഞാൻ ലക്ഷ്മിയുമായുള്ള സംബന്ധം തുടങ്ങിയതും. ഞാൻ നാടകം ഉണ്ടാക്കിയതിനെക്കുറിച്ച് അവന്റെ കണ്ണുകടി ഒന്നും പറയണ്ട. അവനു വ്യുൽപത്തിയില്ലാത്തതിനു ഞാൻ എന്തു ചെയ്യും? ഞാനെന്തു പിഴച്ചു? ഉശിരുണ്ടെങ്കിൽ വായിക്കട്ടെ രണ്ടു മൂന്നു കാവ്യം. എന്നിട്ട് അവരുണ്ടാക്കട്ടെ നാടകം. അമരേശം ഒന്നു രണ്ടു വർഗവും കുറേ സിദ്ധരൂപവും പഠിച്ചതുകൊണ്ടു നാടകവും മറ്റും ഉണ്ടാക്കാൻ കഴിയുമോ? വേണമെങ്കിൽ ഉറുപ്പിക കൊടുത്ത് ഒരു ശാസ്ത്രിയളെ ഇരുത്തി വായിക്കട്ടെ ഒന്നുരണ്ടു സംവൽസരം. കഴുവേറിക്ക് പ്രായം അത്ര അധികമായിട്ടില്ലല്ലോ."

ശേഷയ്യൻ: "എന്തിനു വെറുതെ അസഭ്യം പറയുന്നു, മാനമുള്ളാളുകളെ?"

ഗോവിന്ദപ്പണിക്കർ: "ഇനിക്ക് അവന്റെ മാനമൊന്നും കേൾക്കണ്ട തെണ്ടി, കിഴക്കേസ്രാമ്പിയിൽനിന്ന് ഒഴിയാറില്ല. എപ്പൊഴും അവിടെത്തന്നെയാണ്. എന്നിട്ട് ഇപ്പോൾ എന്നെ തോല്പിക്കാൻ ആ സാധു കരുണാകരമേനോന്റെ ചെവിടിൽ മന്ത്രിച്ചു മന്ത്രിച്ച് നാടകം ആരംഭിച്ചിട്ടുണ്ടത്രെ. ഇനി അതല്ലല്ലൊ. ആ നാടകം കലാശിക്കുമ്പോൾ മാധവന്റെ കുറുമ്പു കാണണ്ടേ? തിക്കു തിരക്കും ഉണ്ടാക്കുവാൻ കഴുവേറിക്ക് നല്ല വശമാണ്. കൂട്ടുകാർ അവനെപ്പോലെയുള്ളവർ അസംഖ്യമുണ്ടുതാനും.

ശേഷയ്യൻ: കരുണാകരമേനോൻ ഉണ്ടാക്കുന്ന നാടകം പുറത്തു വരുന്നതിനെക്കുറിച്ചു പണിക്കർക്കു കുറെ ഭയമുണ്ട്, അല്ലേ? അങ്ങനെ വരട്ടെ.

ഗോവിന്ദപ്പണിക്കർ: എന്തു ഭയമാണു, ഹേ? ഇനിക്ക് അതു പുല്ലിനു സമം.

എളയത്: "കരുണാകരമേനോന്റെ നാടകം പുറത്തു വന്നു കാണാതെ അതിന്റെ ഗുണദോഷങ്ങളെ എങ്ങനെ നിശ്ചയിക്കും?" അതുകൊണ്ട് ആ കാര്യത്തെക്കുറിച്ച് ഇപ്പോൾ തർക്കിക്കുന്നത് അനാവശ്യമാണ്.

ശേഷയ്യൻ: "എങ്കിലും പണിക്കർക്ക് ഈഷൽ ഭയമുണ്ട് ഇല്ലേ പണിക്കരേ?" എന്നു പറഞ്ഞ് ചിരിക്കുന്നു.

ഗോവിന്ദപ്പണിക്കർ: "ഇനിക്കു കരുണാകരമേന്നോട് ഒരു രസക്ഷയവും ഇല്ല. ആ തെണ്ടിമാധവന്റെ കുറുമ്പും ഞെളിച്ചിലും കാണുമ്പൊ

ളാണു സഹിച്ചുകൂടാത്തത്. നാടകങ്ങളുടെ ഗുണദോഷവിവേചനം ചെയ്യുന്നവർ ഇക്കാലത്തു ചുരുക്കമാണ്. നാടകമെന്നു പേരായി വല്ലതും ഉണ്ടാക്കിയാൽ മതി. ആളുകൾക്കൊക്കെ സമമാണ്."

ശേഷയ്യൻ: "അപ്പഴും പണിക്കരുടെ നാടകം മുമ്പു നിൽക്കുമെന്നാണു വിശ്വാസം, അല്ലെ? (മന്ദഹാസത്തോടുകൂടി) ആട്ടെ, അതിനൊരു കൗശലമുണ്ട്. കരുണാകരമേനോന്റെ നാടകപ്പണിയെ നമുക്ക് സസ്പെണ്ട് ചെയ്തുകളയാം."

ഗോവിന്ദപ്പണിക്കർ: "സ്വാമികൾ പറയുന്നത് ഇനിക്കു മനസ്സിലായില്ല."

എളയത്: "ഇനിക്കും മനസ്സിലായില്ല."

ശേഷയ്യൻ: "കരുണാകരമേനോൻ ഇപ്പോൾ നാടകം ഉണ്ടാക്കുന്നില്ലേ?"

എളയത്: "ഉവ്വ്"

ശേഷയ്യൻ: "അതു മുഴുവനായിട്ടില്ലല്ലോ. തുടങ്ങിട്ടല്ലേ ഉള്ളു."

എളയത്: "മുഴുവനായിട്ടില്ല. അഞ്ചാറു ദിവസം മുമ്പിൽ ആരംഭിച്ചു എന്നാണു ശങ്കരൻ പറഞ്ഞത്."

ശേഷയ്യൻ: "തീർന്നെടത്തോളം തീർന്നു. ഇനി അത് ഒരക്ഷരം പോലും തുടർച്ചയായി എഴുതിയുണ്ടാക്കാതിരിപ്പാൻ വിദ്യയുണ്ടെന്നാണു ഞാൻ പറഞ്ഞത്."

ഗോവിന്ദപ്പണിക്കർ: "എന്താണത്? ഹൈ അതറിയണ്ടേ? സ്വാമികൾ കുറേ കുസൃതിക്കാരനാണെന്ന് ഇനിക്കു പണ്ടേ നിശ്ചയമുണ്ടല്ലോ. കേൾക്കട്ടെ, എന്താ വിദ്യ?"

ശേഷയ്യൻ: "നമ്മുടെ കുസൃതിയെക്കുറിച്ചൊന്നും പറയണ്ട. വെറുതെ നമ്മെ പരിഹസിക്കണ്ട."

ഗോവിന്ദപ്പണിക്കർ: ആട്ടെ, പറയൂ.

ശേഷയ്യൻ: പറയാം. ഗോവിന്ദപ്പണിക്കരുടെ ദേവയാനീകചം അച്ചടിപ്പിച്ചിട്ടല്ലേ ഉള്ളു. അഭിനയിച്ചിട്ടില്ലല്ലോ.

ഗോവിന്ദപ്പണിക്കർ: "ഇല്ല. അഭിനയിക്കാനായി ഇവിടത്തേ "സമസ്തസഹൃദയഹൃദയോല്ലാസിനീ" സഭക്കാർ തയാറാക്കുന്നുണ്ട്. വരുന്നാഴ്ചയിൽ അഭിനയിക്കാൻ ഭാവമുണ്ട്."

ശേഷയ്യൻ: "സറി. ഉടുപ്പുകൾ ഒക്കെ തയാറായിട്ടില്ലേ?"

ഗോവിന്ദപ്പണിക്കർ: ആ കഥ പറയണ്ട. ഇവിടെ നാടകമൽസരം പോയി കളവുമൽസരമായിരിക്കുന്നു. "സമസ്തസഹൃദയഹൃദയോല്ലാസിനീ" സഭക്കാരുടെ എത്രയും വിലപിടിച്ച ഉടുപ്പുകൾ ഒക്കെ ഈയിടെ "രസികമംഗലചന്ദ്രികാസഭക്കാർ" കട്ടുകൊണ്ടുപോയി എന്നും മറ്റും കേട്ടില്ലേ?"

ശേഷയ്യൻ: "അയ്യോ, എന്തൊരു പേരുകളാണിത്? മലമ്പാമ്പുപോലെ നീണ്ടുവളഞ്ഞു കിടക്കുന്നു. ഒരിക്കൽക്കൂടി പറയൂ."

ഗോവിന്ദപ്പണിക്കർ: "നേരംപോക്കു കളയൂ. എന്താണു വിദ്യയുണ്ടെന്നു പറഞ്ഞത്? കേൾക്കട്ടെ."

ശേഷയ്യൻ: അതല്ല. ആ പേരുകൾ ഒരിക്കൽക്കൂടി കേൾക്കട്ടെ പരിഹസിക്കാനായിട്ടല്ല."

ഗോവിന്ദപ്പണിക്കർ: '–രസികമംഗലചന്ദ്രികാ" എന്നും "സമസ്തസഹൃദയഹൃദയോല്ലാസിനീ" എന്നും ഇങ്ങനെ രണ്ടു നാടകസഭകൾ.

ശേഷയ്യൻ: ഇതിൽ ഒടുവിൽ പറഞ്ഞ പേരിന്റെ ശബ്ദം ചെണ്ട ഉരുട്ടിക്കൊട്ടുന്നതുപോലെ ഇരിക്കുന്നു.

ഗോവിന്ദപ്പണിക്കർ: "അയ്യോ, അങ്ങനെ പറയണ്ട. അവർ എത്രയോ കീർത്തി സമ്പാദിച്ചിട്ടുള്ള സഭക്കാർ. അഭിനയം എത്ര വിശേഷം. ഏതെല്ലാം മാന്യസ്ഥലങ്ങളിൽനിന്നു സമ്മാനം ലഭിച്ചിരിക്കുന്നു. വേഷക്കാർ ഒക്കെ നല്ല രംഗശ്രീയുള്ള സുമുഖന്മാർ പിള്ളരാണ്."

ശേഷയ്യൻ: "ഓ ഹോ. സറി. മുടി വളർത്തി കുറെ പിള്ളർ നടക്കുന്നതു കാണുന്നുണ്ടല്ലൊ. സ്കൂൾപിള്ളരിലും ചിലരെ കാണുന്നുണ്ട്."

ഗോവിന്ദപ്പണിക്കർ: "അവർതന്നെയാണ്. അവരെ കണ്ടാൽ എന്താ?"

ശേഷയ്യൻ: "ഇനിക്കിവരെക്കുറിച്ച് ആദ്യം അബദ്ധമായിട്ടാണു മനസ്സിലായത്. അരക്കയ്യുള്ള കുപ്പായവും അരവാറും ധരിച്ചു നടക്കുന്നതു കണ്ടപ്പോൾ വെള്ളക്കാരുടെ ബട്ട്ളറന്മാരോ മേട്ടികളോ ആയിരിക്കാം എന്നു ഞാൻ അന്ധാളിച്ചു. പിന്നെ സ്കൂൾകുട്ടികളുടെ ഇടയിലും ചിലർ ഈ വേഷമിട്ടു നടക്കുന്നതു കണ്ടപ്പോൾ എന്റെ ധാരണയിൽ എന്തോ അബദ്ധമുണ്ടെന്നു നിശ്ചയിച്ചു."

എളയത്: "അങ്ങേക്ക് അല്ലെങ്കിലും കുസൃതിയായിട്ടല്ലേ ഏതു കാര്യവും മനസ്സിലാകയുള്ളു."

ശേഷയ്യൻ: ഹോ. മുഷിയണ്ട. പക്ഷേ, എളയതും ഈ സഭക്കാരായിട്ടു വല്ല കൂട്ടുകെട്ടുമുണ്ടായിരിക്കും, അല്ലേ?

എളയത്: "എന്താ ഹേ. ഇനിക്കൊരു മുഷിച്ചിലും ഇല്ല. ഇനിക്കൊരു അത്ഭുതം മാത്രമെ ഉള്ളു. ഇങ്ങനെ കറപറ എന്നു പറയുന്ന അങ്ങേ ഈ ട്രാൻസ്ലേട്ടർപണിക്കു വെച്ചുവല്ലോ എന്നേ ഒരത്ഭുതമുള്ളു. പട്ടന്മാരുടെ കാലമല്ലേ? എന്തുചെയ്യാം."

ശേഷയ്യൻ: "ഹോ. അബദ്ധം. ഞാനാണ് അബദ്ധം ചാടിച്ചത്."

എളയത്: "അബദ്ധം ചാടിക്കേ? എന്തൊരു മലയാളമാണിത്."

ഗോവിന്ദപ്പണിക്കർ: "കലശൽ കൂട്ടാതിരിക്കു. നിങ്ങൾ ഇങ്ങനെ കുട്ടികളെപ്പോലെ ആയാലോ?"

എളയത്: "ഞാൻ ഇനി ഒന്നും മിണ്ടുന്നില്ല."

ശേഷയ്യൻ: "ഞാൻ എളയതിനോടു മാപ്പ് ചോദിച്ചു കളയാം."

എളയത്: "വേണ്ട, ഹേ. അതൊന്നും വേണ്ട. കണ്ടതു പറഞ്ഞു എന്നേയുള്ളു."

ഗോവിന്ദപ്പണിക്കർ: "നിങ്ങൾ ഇങ്ങനെ നേരം വൃഥാ കളയുന്നതു ബഹുകഷ്ടമാണ്. ശേഷയ്യർ എന്തോ വിദ്യയുണ്ടെന്നു പറഞ്ഞതു കേൾക്കാമോ? പറയുമെങ്കിൽ പറയൂ."

ശേഷയ്യൻ: "പറയാം. പണിക്കരുടെ നാടകം വരുന്ന ആഴ്ചയിൽ ത്തന്നെ അഭിനയിക്കാൻ ഏർപ്പാടുകൾ ചെയ്യണം. ഉടുപ്പുകൾ മോഷ്ടി ക്കപ്പെട്ടു എങ്കിൽ ഉടനെ ഉണ്ടാക്കണം. അഭിനയം ഒന്നാന്തരമായിരി ക്കണം."

ഗോവിന്ദപ്പണിക്കർ: "അങ്ങനെ ചെയ്യാം."

ശേഷയ്യൻ: "യോഗ്യരായുള്ളാളുകളെ ഒക്കെ ക്ഷണിക്കണം. ടിക്ക റ്റുകൾ വേണ്ട. ടിക്കറ്റു വെച്ചാൽ ആളുകൾ കുറയും. പണിക്കരുടെ നാടകം ആദ്യമായി അഭിനയിക്കയല്ലേ. പ്രവേശനം സൗജന്യമായി എല്ലാവർക്കും അനുവദിക്കണം."

ഗോവിന്ദപ്പണിക്കർ: "അങ്ങനെ ആവാം. ആട്ടെ. വിദ്യ ഇതുവരെ പറ ഞ്ഞില്ലല്ലൊ."

ശേഷയ്യൻ: "പറയാം. ക്ഷമിക്കു. കാണികളുടെ കൂട്ടത്തിൽ നമ്മുടെ പുതിയ പേഷ്കാർ അച്യുതമേനോൻ അവർകളെയും ക്ഷണിക്കണം. അദ്ദേഹം എല്ലെൽബിയും മറ്റും പാസ്സായി ശീമയിൽനിന്നു വന്നിരിക്ക യല്ലേ?"

ഗോവിന്ദപ്പണിക്കർ: "അതിനെന്താ വിരോധം? പക്ഷേ, അദ്ദേഹം വരുമോ എന്നു സംശയമാണ്. അദ്ദേഹത്തിന് ഈ നാടകങ്ങളിലൊക്കെ അത്രയ്ക്കേ താല്പര്യമുള്ളൂ."

ശേഷയ്യൻ: "ഇങ്ങനെ ഒക്കെ വട്ടംകൂട്ടി ഭേഷായി. തിരുതകൃതിയായി പണിക്കരുടെ നാടകം ഒന്ന് അഭിനയിക്കട്ടെ. അതിനെക്കുറിച്ചു മംഗല ശ്ലോകങ്ങൾ മഴപെയ്യുന്നതുപോലെ അവിടെ ചൊരിയുന്നതു കാണാം. ഞാൻ ഒക്കെ ശട്ടംകെട്ടാം."

ഗോവിന്ദപ്പണിക്കർ: (സന്തോഷത്തോടുകൂടെ) "സ്വാമികൾ വിചാരി ച്ചാൽ അതല്ല അതിലധികം സാധിക്കുമെന്ന് ഇനിക്കറിഞ്ഞുകൂടെ?"

ശേഷയ്യൻ: "ഇങ്ങനെ ഒരഭിനയം കഴിഞ്ഞാൽപ്പിന്നെ കരുണാകര മേനോൻ നാടകം ഉണ്ടാക്കാനായി തുവലെടുക്കയില്ല, നിശ്ചയം."

ഗോവിന്ദപ്പണിക്കർ: "അതെന്താണ്?"

ശേഷയ്യൻ: "കരുണാകരമേനോന്റെ സ്വഭാവം നിങ്ങൾക്കു നല്ല നിശ്ച യമില്ല. അദ്ദേഹം മഹാഭീരുവാണ്. പ്രതിയോഗിയുടെ ധാടികൾ കണ്ടാൽ ഇത്ര ഭയമുള്ള വേറെ ഒരാളെ ഞാൻ അറിയുന്നില്ല."

ഗോവിന്ദപ്പണിക്കർ: "എന്നാലും ആ മാധവമേനോൻ അയാളെ പറഞ്ഞ് വശീകരിച്ച് നാടകം കലാശിപ്പിക്കാതിരിക്കയില്ലെന്നാണു തോന്നു ന്നത്."

എളയത്: "അതിനൊരു കാര്യമുണ്ട്. മാധവമേനോനും കരുണാക രമേനോനും തമ്മിൽ എന്തോ അല്പം ഒരു സൗന്ദര്യപ്പിണക്കത്തിന് കാര ണമായത്രെ. അത് ശങ്കരൻ പറഞ്ഞില്ലേ? ഇന്നാൾ ശങ്കരനെ കിഴക്കേ സ്രാമ്പിയിൽ വെച്ച് കരുണാകരമേനോൻ തല്ലാൻ പോയപ്പോൾ വീണു എന്നും അതുകണ്ടു മാധവമേനോൻ ചിരിച്ചു എന്നും അതു മൂപ്പർക്ക് അത്ര രസിച്ചില്ലെന്നും മറ്റും കേട്ടു."

ശേഷയ്യൻ: "ഉണ്ടായിരിക്കാം. എങ്കിലും അതു സാരമില്ല. ഉടപ്പിറന്ന വൾ കല്യാണിയില്ലേ മാധവന്? അതുകൊണ്ട് ഒന്നും സാരമില്ലാതെ കലാശിക്കും. പിണക്കമുണ്ടെങ്കിൽ ഒന്നോ രണ്ടോ ദിവസത്തേക്കു മാത്രമേ നിലനിൽക്കയുള്ളു."

ഗോവിന്ദപ്പണിക്കർ–"അതെങ്ങനെയെങ്കിലും ആകട്ടെ. എന്റെ നാടകം അഭിനയിച്ചാൽ പിന്നെ കരുണാകരമേനോൻ അദ്ദേഹത്തിന്റെ നാടകം നിറുത്തിക്കളയുമെന്നു ശേഷയ്യർക്കു നല്ല നിശ്ചയമുണ്ടോ?"

ശേഷയ്യൻ: "ഉണ്ട്. നല്ല നിശ്ചയമുണ്ട്. അല്ലെങ്കിൽ കണ്ടോളു?"

ഗോവിന്ദപ്പണിക്കർ: എന്നാൽ അങ്ങനെതന്നെ. ഉടുപ്പുകൾ ഇന്നു തന്നെ തയാറാക്കുന്നതിന്നു ഞാൻ "സഹൃദയഹൃദയോല്ലാസിനി" സഭയുടെ കാര്യസ്ഥന് എഴുതിക്കളയാം. എന്തു ചെലവായാലും വേണ്ടില്ല. എന്നാൽ ഇനി പിരികയല്ലേ? സ്വാമികൾക്കും പോകാൻ വൈകിയിരിക്കും."

ശേഷയ്യൻ: "ഞാൻ ചന്ദ്രശേഖരയ്യന്റെ മഠത്തിലേക്കു പോകുന്ന വഴിക്കാണ് എളയതിനെ കണ്ടത്. അപ്പോൾ പണിക്കറെ ഒന്നു കാണാമല്ലോ എന്നുവെച്ചു കയറിയതാണ്. ചന്ദ്രശേഖരയ്യൻ എന്നെ കാത്തിരിക്കും. മണി എട്ടായില്ലേ?"

ഗോവിന്ദപ്പണിക്കർ: "ഏഴേമുക്കാലായി."

ശേഷയ്യൻ: "എന്നാൽ അങ്ങനെയാണ്. പറഞ്ഞ കാര്യമൊന്നും അമാന്തിക്കരുത്. പേഷ്കാരെ ക്ഷണിക്കുവാൻ ഒട്ടും അമാന്തിക്കരുത്–എന്നും പറഞ്ഞ് പോയി."

എളയത്: –പേഷ്ക്കാരേ ഇത്ര മുറുക്കമായി പിടിച്ചിരിക്കുന്നതെന്താണാവോ. ശേഷയ്യൻ കള്ളനാണ്. ഇദ്ദേഹം പറയുന്നതൊക്കെ ഇനിക്ക് അത്രയയ്ക്കേ സമ്മതമാകുന്നുള്ളു."

ഗോവിന്ദപ്പണിക്കർ: "രണ്ടായാലും നാടകം അഭിനയിക്കുന്നതിന്ന് വിരോധമില്ല. എപ്പഴായാലും അഭിനയിക്കണമല്ലോ. ഇനി അത് കഴിയുന്നതും കേമമാക്കാനാണ് നോക്കേണ്ടത്."

എളയത്: "അതിന് ഉൽസാഹിക്കേണ്ടതാണ്. ഞാൻ വൈകുന്നേരം വരാം. കുളിക്കാൻ നേരമായി."

ഇങ്ങനെ പറഞ്ഞ് എളയതും പിരിഞ്ഞു.

മൂന്നാം അദ്ധ്യായം

ശേഷയ്യൻ ചന്ദ്രശേഖരയ്യന്റെ മഠത്തിലേക്കു പോകുന്നു എന്നു പറഞ്ഞതു ശുദ്ധകളവായിരുന്നു. അദ്ദേഹം പോയതു പുത്തൻവീട്ടിൽ. ശങ്കരമേനോന്റെ അടുക്കലേക്കാണ്. ഈ ശങ്കരമേനോൻ അച്യുതമേനോൻ പേഷ്കാരുടെ അനുജനും ശേഷയ്യന്റെ സഹപാഠിയും പ്രാണസ്നേഹിതനുമാണ്. ഏതു കാര്യത്തേക്കുറിച്ചായാലും കൊള്ളാം, ശേഷയ്യൻ പറഞ്ഞാൽ പിന്നെ ശങ്കരമേനോനു മറിച്ചില്ല.ശേഷയ്യനുമായിട്ടുള്ള ശങ്കരമേനോന്റെ സംബന്ധം ഇപ്രകാരമായിരുന്നു. എങ്കിലും ശങ്കരമേനോനും തന്റെ ജ്യേഷ്ഠൻ അച്യുതമേനോൻ പേഷ്കാരവർകളും തമ്മിലുള്ള സഹോദരസ്നേഹത്തിന്റെ ആഴത്തേ അളന്നവർ ഇന്നു മലയാളത്തിൽ ആരുമില്ല. ദേഹം രണ്ട് മനസ്സൊന്ന് എന്നു പറഞ്ഞാൽ ഏകദേശം സത്യത്തോട് അടുത്തിരിക്കും. നഖത്തോടു മാംസം കണക്കനേ എന്നുള്ള ഉപമ ഒക്കുമോ? ഇല്ല, എനിക്കു വളരെ സംശയമാണ്. അച്യുതശങ്കരന്മാർ തമ്മിലേ സ്നേഹം അച്യുതശങ്കരന്മാർ തമ്മിലേ സ്നേഹത്തേപ്പോലെ എന്നേ പറഞ്ഞുകൂടൂ.

ശേഷയ്യൻ വരുന്നതു കണ്ടപ്പോൾ ശങ്കരമേനോൻ തന്റെ കയ്യിലിരുന്ന ഒരു ഇംഗ്ലീഷ് പുസ്തകം മേശമേൽ വെച്ചിട്ട് എഴുന്നേറ്റു ചെന്നു കൈകൊടുത്തു പറയുന്നു.

"എന്താ? ഇങ്ങട്ടൊന്നും വരാറില്ലാതെയായി. ഒരുമിച്ചിരിക്കുന്ന നാളിലൊക്കെ സ്നേഹം. പിരിഞ്ഞപ്പോൾ പൂർവ്വവൃത്താന്തങ്ങളൊക്കെ മറന്നു, അല്ലെ? അത്രയ്ക്കേള്ളു."

ശേഷയ്യൻ: "മദിരാശിയിൽ നിന്നും ശങ്കരമേനോൻ വന്ന വിവരം മിനിഞ്ഞാന്നേ അറിഞ്ഞുള്ളു. ഇന്നലെ ഒരു ശ്രാദ്ധമായിരുന്നു. വരാൻ തരായില്ല. ഇന്ന് ഇതാ ഇപ്പോൾ ഇങ്ങട്ടെറങ്ങി."

ശങ്കരമേനോൻ: അതേ, അതുതന്നെയാണ് ഞാനും പറഞ്ഞത്. കാരണം വല്ലതും ഇല്ലാതിരിക്കുമോ?

ശേഷയ്യൻ: "എന്തു ചെയ്യാം. മട്ടിക്കുലേഷൻ വരെക്കല്ലേ ഇനിക്കു വിധിയുള്ളു. അതുവരെ നാം എങ്ങനെ കഴിഞ്ഞിട്ടുള്ളവരാണ്. ആ ഭാഗമൊന്നും പറഞ്ഞിട്ടു കാര്യമില്ല. ഈ വരുന്ന ജാന്യുവെരിയിൽ തന്നെ ബീയെക്ക് അപ്പിയർ ചെയ്യുന്നില്ലേ?"

ശങ്കരമേനോൻ: "ഉവ്വ്. ഓപ്ഷ്യനലിന് ഇനിയത്തേ ആണ്ടു പോയാൽ മതിയെന്നാണ് ജ്യേഷ്ഠൻ പറയുന്നത്. ആട്ടെ, നാട്ടുവർത്തമാനങ്ങൾ എന്തെല്ലാമാണ്?"

ശേഷയ്യൻ: "നാട്ടുവർത്തമാനങ്ങൾ പറഞ്ഞാൽ ഒടുക്കമുണ്ടാകയില്ല. എവിടെ നോക്കിയാലും നാടകം, നാടകം എന്നേ കേൾക്കാനുള്ളു. എന്നു തന്നെയല്ല, നാടകം ഇപ്പോൾ കോടതി കയറിയിരിക്കുന്നു."

ശങ്കരമേനോൻ: "ജ്യേഷ്ഠൻ ഈ വർത്തമാനം അല്പം ഇന്നലെ പറയുന്നതു കേട്ടു. എനിക്ക് ഈ നാടകങ്ങളെക്കുറിച്ച് ഒരു ബഹുമാനവും ഇല്ല. ജ്യേഷ്ഠനു നാടകമെന്നു കേട്ടാൽ തലവേദന വരും. അത്ര വെറുപ്പാണ്."

ശേഷയ്യൻ: "പേഷ്ക്കാർക്ക് നാടകത്തിൽ ലവലേശം അഭിരുചിയില്ലെന്നു ഞാനും കേട്ടിട്ടുണ്ട്. ഇനിക്ക് ഈ അസത്തുക്കളെ കണ്ണിനു മുമ്പിൽ കണ്ടുകൂട. കാണുന്ന പിള്ളരുടെ വായിൽ ഒക്കെ ശ്ലോകം."

ശങ്കരമേനോൻ: "ശേഷയ്യൻ ഈ നാടകങ്ങൾ ഏതെങ്കിലും അഭിനയിച്ചു കണ്ടിട്ടുണ്ടോ?"

ശേഷ: അയ്യോ, സൂളിയാമ്മക്കൾ നമ്മുടെ അര ഉറുപ്പിക പിടുങ്ങി. നോട്ടീസിൽ വളരെ ഡ്രീക്കുകളൊക്കെ ചേർത്തുകണ്ടു. ഞാൻ അതൊക്കെ നേരായിരിക്കുമെന്നു വിചാരിച്ചു. ചെന്നു കണ്ടപ്പഴല്ലേ മനസ്സിലായത്. വഷള്. ഒരു കാശിനു കൊള്ളുകയില്ല. അര ഉറുപ്പിക പോയി എന്നല്ലേ പറയേണ്ടു.

ശങ്കരമേനോൻ: "ചിലതു നല്ലതുണ്ട്. എന്നാൽ അവയെ തിരിച്ചറിയുന്നതിനു ശേഷമുള്ളവയെ തള്ളിക്കളയുന്നതിനും പഠിപ്പുള്ള ആളുകൾ കുറയും."

ശേഷയ്യൻ: "ഞാൻ അതൊരിക്കലും സമ്മതിക്കയില്ല. ഒരെണ്ണമില്ല നല്ലത്. ഒക്കെ ഈ നായന്മാർ ഉണ്ടാക്കിത്തീർക്കുന്നതാണ്. അവരെ ഉൽസാഹിപ്പിക്കാനായി ഏതോ ഒരു സഭയും ഉണ്ടായിട്ടുണ്ടത്രെ. ഭാഷാഭൂഷണി എന്നാണത്രെ പേര്."

ശങ്കരമേനോൻ: "ഭാഷാപോഷിണിയെന്നാണ് പേര്. ഈ സഭ ഈ വക നാടകക്കാരെ ഉൽസാഹിപ്പിക്കുന്നു എന്നു പറഞ്ഞുകൂട. ആ അഭിപ്രായക്കാരും ഉണ്ട്. ഇല്ലെന്നില്ല, എന്നാൽ എന്റെ അഭിപ്രായം അങ്ങനെയല്ല. സഭ മലയാളഭാഷയ്ക്കു ഗുണമല്ലാതെ ദോഷം ചെയ്യുന്നുണ്ടെന്നു തോന്നുന്നില്ല. ഭാഷയിൽ ഗ്രന്ഥങ്ങൾ ചുരുക്കമാണെന്നുള്ള ന്യൂനതയെ പരിഹരിപ്പാനായി പുസ്തകങ്ങളുടെ വർദ്ധനയേ സഭ ആഗ്രഹിക്കുന്നുണ്ട്. എന്നാൽ, ചിലർ ചീത്തപ്പുസ്തകങ്ങൾ ഉണ്ടാക്കിയാൽ എന്തു ചെയ്യും?

ആവക പുസ്തകങ്ങളെയും സഭയെയും സംബന്ധിപ്പിച്ചു പറയുന്നതു ശരിയല്ല. പിന്നെ ചീത്തപ്പുസ്തകങ്ങളെ തക്കതായി സഭ ആക്ഷേപിക്കുന്നില്ലെന്നും അതുകൊണ്ടാണ് ആവക ഗ്രന്ഥങ്ങൾ വർദ്ധിക്കുന്നതെന്നും ചിലർ പറയുന്നുണ്ട്. ഈ അഭിപ്രായം ഏതാനും സത്യമാണെന്ന് എനിക്കും തോന്നുന്നു."

ശേഷയ്യൻ: "ശങ്കരമേനോൻ എന്തോ പറയുന്നു. ഞാൻ നാടകങ്ങളെക്കുറിച്ചാണ് പറഞ്ഞത്. മറ്റു പുസ്തകങ്ങൾ എങ്ങനെയെങ്കിലും ആകട്ടെ. നാടകം ഇപ്പോൾ ആർക്കും ഉണ്ടാക്കാവുന്നതായിട്ടാണ് കണ്ടുവരുന്നത്. എന്തിനു പറയുന്നു? നമ്മുടെ സാധു കരുണാകരമേനോൻകൂടി ഇപ്പോൾ നാടകം ഇണ്ടാക്കുന്നുണ്ടത്രെ. ഗോവിന്ദപ്പണിക്കരുടെ നാടകം വരുന്നാഴ്ചയിൽ അഭിനയിക്കുവാൻ പോകുന്നുണ്ടത്രെ. ഏതോ ഒരു സഭക്കാർ, സഭയുടെ പേരു മുഴുവനും പറഞ്ഞാൽ നാവു കഴയ്ക്കും, അത്ര നീളമുണ്ട്."

ശങ്കരമേനോൻ: "ഏതു കരുണാകരമേനോൻ?"

ശേഷയ്യൻ: "കിഴക്കേസ്രാമ്പിയിൽ."

ശങ്കരമേനോൻ: "കിഴക്കേസ്രാമ്പിയിൽ കരുണാകരമേനോൻ നാടകം ഉണ്ടാക്കയോ? ആ മഹാസാധു. ഇതിൽപരം അത്ഭുതം എന്താണുള്ളത്? എന്നിട്ട് ആ നാടകം ആരാണു വായിക്കാൻ?"

ശേഷയ്യൻ: "ശങ്കരമേന്ന് ഇവിടത്തെ കഥയൊന്നും നിശ്ചയമില്ല.മദിരാശിയിലല്ലേ താമസം. ഇവിടെ ചിലർ നാടകം ഉണ്ടാക്കി പെണ്ണുങ്ങളെ കൈവശത്താക്കുന്നുണ്ട്. നാടകമുണ്ടാക്കുന്നവരെ പെണ്ണുങ്ങൾക്കു വളരെ ഭ്രമമായിരിക്കുന്നു. ഉണ്ടാക്കാത്തവരെ പെണ്ണുങ്ങൾ ഉപേക്ഷിക്കുന്നു. ശങ്കരമേനോൻ എന്തറിഞ്ഞു?"

ശങ്കരമേനോൻ: 'നേരംപോക്കു പറയുന്നതോ വസ്തുതയോ?"

ശേഷയ്യൻ: "നേരംപോക്കോ? ഇതു നേരംപോക്കായാൽ ഇപ്പോൾ രാത്രിയാണ്."

എന്നും പറഞ്ഞ് മാധവമേന്നേ കിളിവേലിയിൽ ലക്ഷ്മി ഉപേക്ഷിച്ചതും പണിക്കരെ സ്വീകരിച്ചതും മറ്റും സവിസ്തരം പറഞ്ഞുകേൾപ്പിച്ചു. അതിന്റെ കലാശത്തിൽ ഇങ്ങനെ പറഞ്ഞു. "അതുകൊണ്ട് ഇപ്പോൾ നാടകം ഉണ്ടാക്കാത്തവരൊക്കെ സൂക്ഷിച്ചുകൊൾകേ വേണ്ടു."

ഈ വർത്തമാനം കേട്ടു ശങ്കരമേനോൻ അല്പനേരം ഒന്നും മിണ്ടാതെ മൂക്കിന്മേൽ വലത്തേ കയ്യിന്റെ ചൂണ്ടാണിവിരൽ വെച്ച് അനങ്ങാതിരുന്നു. എന്നിട്ടു പറഞ്ഞു.

"ആട്ടെ. ശേഷയ്യരേ നമുക്ക് ഇതിനു വല്ല ഉപായവും നോക്കാഞ്ഞാൽ തരക്കേടുണ്ട്. ഇതു സമ്മതിച്ചുകൂടല്ലോ. മൗനമായിരുന്നാൽ ഈ നാടക്കാർ, വിടന്മാർ എവിടെക്കൊണ്ടാണു കലാശിപ്പിക്കുന്നത് എന്ന് അറിഞ്ഞുകൂട. അതുകൊണ്ടു ശേഷയ്യൻതന്നെ ഒരു വിദ്യ ആലോചിച്ചുണ്ടാക്കു. ഒന്നാംതരമായിരിക്കണം. കുറിക്കുകൊണ്ടിരിക്കണം. ഈ നാടകക്കാരെ കണ്ട പെണ്ണുങ്ങൾ ഇങ്ങനെ മയങ്ങുവാൻ തുടങ്ങിയാൽ തരക്കേടുണ്ട്."

ശേഷയ്യർ: "അതുകൊണ്ടായോ? നാടക്കാരുടെ സംഘത്തിൽ ചേർന്നവനെന്നു കേൾക്കുന്നതുതന്നെ ഒരു ബഹുമാനമാണെന്നു കരുതി നാടകത്തോടു യാതൊരു സംബന്ധവുമില്ലാത്ത ചില വിഡ്ഢികൾ വെറുതേ മുടി വളർത്തി മുഖം മിനുക്കി കണ്ണിൽ മഷിയെഴുതി ഞെളിഞ്ഞു നടക്കുന്നതു കണ്ടാൽ ശങ്കരമേനോൻ ചിരിച്ചുചാകും."

ശങ്കരമേനോൻ: "അല്ല. അങ്ങനെയും ഉണ്ടോ ഒരു കഥ? ഞാൻ ഇതൊന്നും അറിയാറില്ല. നാടകമെന്നും പറഞ്ഞ് അച്ചടിപ്പിക്കുന്ന ചില പുസ്തകങ്ങൾ മദിരാശിയിൽ എന്റെ ചില സ്നേഹിതന്മാരുടെ അടുക്കൽ കണ്ടിട്ടുണ്ട്. മദിരാശിയിൽ ഷെയിക്സ്പിയറിന്റെ ലോകവിശ്രുതങ്ങളായ നാടകങ്ങളുടെ രുചി അറിഞ്ഞിട്ടില്ലാത്ത ആളുകൾ ചുരുക്കമായിരിക്കുന്നതുപോലെതന്നെ ഇവിടെ സാക്ഷാൽ നാടകത്തിന്റെ സ്വഭാവം അറിവുള്ളവർ ദുർല്ലഭമായിരിക്കുന്നു. മദിരാശിയിലുള്ളവർക്ക് ഈ മലയാള നാടകങ്ങളെ ബഹുപരിഹാസമാണ്. എങ്കിലും മലയാളത്തിലെ പെണ്ണുങ്ങൾ ഉണ്ടാക്കുന്ന നാടകങ്ങളെ അഭിനയിച്ചു ഘോഷിപ്പാനായി മദിരാശിയിൽ ഉള്ള ചില പിള്ളർക്ക് അത്ര ശങ്കയില്ല. ഈ നാടകസംഘക്കാരെ പുറമെയുള്ളവർക്ക് പരിഹാസമായിരിക്കെ ഇവിടെ ബഹുമാനമാണല്ലൊ. കൊള്ളാം, ഇവിടത്തെക്കാര്യം പെപ്പപ്പേയ് ആയിരിക്കുന്നു ശേഷയ്യരെ, സംശയമില്ല."

ശേഷയ്യർ: "തത്ത്വം ജനങ്ങളെ മനസ്സിലാക്കുവാൻ ആരും ഇല്ലാഞ്ഞിട്ടാണ്."

ശങ്കരമേനോൻ: "ഹൈ അങ്ങനെയായിരിക്കയില്ല. തത്ത്വം അറിയുന്ന യോഗ്യരായ എത്രയോ ആളുകൾ ഇവിടെയുണ്ട്. എത്രയോ ഗ്രാഡുവെയിറ്റ്സ് ഇവിടെ ഉണ്ട്."

ശേഷയ്യൻ: "തത്ത്വം അറിവുള്ളവർ ഇല്ലെന്നല്ല ഞാൻ പറയുന്നത്. അറിഞ്ഞാലും പുറത്തു പറവാൻ മനസ്സുള്ളവർ ഇല്ലെന്നാണ്. ഗ്രാഡുവെയിറ്റ്സുകളിൽ മിക്കപേരും ഈ സംഗതിയിൽ മൗനം ദീക്ഷിച്ച് വല്ലതും ആയിക്കൊള്ളട്ടെ. നമുക്ക് എന്തു കാര്യം–എന്നുള്ള നിലയിലാണു നിൽക്കുന്നത്."

ശങ്കരമേനോൻ: "ആ വിവരം ഞാനും കേട്ടു. എങ്കിലും ആ നില അവർക്കു യോഗ്യമല്ല. ബുദ്ധിയിൽ തോന്നിയത് അപ്പപ്പോൾ പ്രസിദ്ധീകരിച്ചു ജനസാമാന്യത്തെ ഉപദേശിക്കേണ്ടത് അവരുടെ ഒരു മുറയെന്നാണ് എന്റെ പക്ഷം. വല്ലതും ആകട്ടെ എന്നുള്ള നിലയിൽ നിന്നാൽ യഥാർത്ഥ നാടകങ്ങളെ ഈ നാടകക്കളകൾ വളർന്നു മൂടിക്കളയും."

ശേഷയ്യൻ: "ഞാൻ ഒരു ഉപായം കണ്ടിട്ടുണ്ട്. അതുകൊണ്ട് ഈ നാടകച്ചവറുകളെ തീരെ അടിച്ചുകളയാമെന്നു ഞാൻ പറയുന്നില്ല. എങ്കിലും കുറേ ഒതുക്കമുണ്ടാകുമെന്നു തോന്നുന്നു."

ശങ്കരമേനോൻ: "എന്താണത്? വേഗം പറയൂ."

ശേഷയ്യൻ: "ഗോവിന്ദപ്പണിക്കരുടെ എന്തോ ഒരു നാടകം ഈ വരുന്ന ആഴ്ചയിൽ അഭിനയിക്കാൻ ഭാവമുണ്ട്. വളരെ കേമമാകുവാൻ ശ്രമി

ക്കുന്നുണ്ട്. ഈ പട്ടണത്തിലുള്ള എല്ലാവരെയും ക്ഷണിച്ചാൽ കൊള്ളാമെന്നു പണിക്കർ പറഞ്ഞതായി കേട്ടു. പേഷ്ക്കാരെ പ്രത്യേകിച്ചു ക്ഷണിക്കുവാൻ കരുതീട്ടുണ്ടത്രെ."

ശങ്കരമേനോൻ: "അയ്യോ, ജ്യേഷ്ഠൻ ഒരിക്കലും പോകുന്നതല്ല. ജ്യേഷ്ഠൻ ഇവരുടെ നാടകം കാണ്മാൻ പോകുകയൊ? നന്നായി. അത് ഒരുനാളും സംഭവിക്കാത്ത കാര്യമാണ്."

ശേഷയ്യൻ: "അങ്ങനെയാണു വേണ്ടത്. എന്നാൽ, നാം പറഞ്ഞ കാര്യം സാധിക്കണമെങ്കിൽ പേഷ്ക്കാർ പോകണം. പേഷ്ക്കാർ ഈ നാടകക്കാരെ കണ്ടാൽ തല്ലിയോടിക്കും. അത്ര വിരോധമാണ്. ഇനിക്കറിവുണ്ട്. അദ്ദേഹം അതു പുറത്തു കാണിക്കുന്നില്ലെന്നേയുള്ളു."

ശങ്കരമേനോൻ: "ജ്യേഷ്ഠൻ പോകുന്നതുകൊണ്ട് എന്താഗുണം?"

ശേഷയ്യൻ: "അതു പറയാം. വെറുതേ പോയാൽ പോര. ഈ വക നാടകങ്ങളുടെ ഗുണദോഷത്തെക്കുറിച്ച് അല്പം അവിടെ പ്രസ്താവിക്കണം."

ശങ്കരമേനോൻ: "അവിടെ ചെന്ന ഉടൻതന്നെയോ?"

ശേഷയ്യർ: "അതു വേണ്ട. കുറേ കണ്ടതിന്റെ ശേഷമോ അല്ലെങ്കിൽ അഭിനയം തീർന്നതിന്റെ ശേഷമോ മതി."

ശങ്കരമേനോൻ: "കാണാൻ പോകുന്നതുതന്നെ അസംഭവ്യമായിരിക്കെ അഭിനയം തീരുന്നതുവരെ ജ്യേഷ്ഠൻ അവിടെ ഇരിക്കുന്ന കാര്യത്തെക്കുറിച്ചു പറയുന്നത് അനാവശ്യമാണ്."

ശേഷയ്യൻ: "അങ്ങനെ പറഞ്ഞാൽ പോര. ശങ്കരമേനോൻ വിചാരിച്ചാൽ ഒക്കെ നിവൃത്തിയുണ്ട്. അമാന്തിച്ചാൽ തരക്കേടുണ്ട്. കോളജ് തുറക്കുന്നതിനകത്തുതന്നെ നമുക്കു വല്ലതും ചെയ്യണം. ശങ്കരമേനോൻ പോയാൽ പിന്നെ ഈ കാര്യത്തിൽ ഉത്സാഹിക്കാൻ ആരും ഉണ്ടാകയില്ല."

ശങ്കരമേനോൻ: "ശേഷയ്യൻ പറയുന്നതു ശരിയാണ്. എങ്കിലും ജ്യേഷ്ഠനോടു ഞാൻ എന്താണ് ചെന്നു പറയേണ്ടതെന്നോർത്തിട്ടുണ്ടാകുന്നില്ല. നാടകത്തിലുള്ള നീരസം അദ്ദേഹത്തിനെന്തുമാത്രമുണ്ടെന്ന് എനിക്കറിയാം."

ശേഷയ്യൻ: "കളവായി യാതൊന്നും പറയണമെന്നില്ല. വസ്തുത പറഞ്ഞാൽ മതി. നാടകഭ്രാന്തന്മാരായ ഈ ഭോഷന്മാരുടെ വർദ്ധനയാൽ വരുന്ന ദോഷങ്ങളെയും അവരുടെ നാടകങ്ങളുടെ അവസ്ഥയെയും കുറിച്ചു ജനങ്ങളെ പറഞ്ഞു മനസ്സിലാക്കുവാൻ ശ്രമിക്കേണ്ടത് യോഗ്യരായ ആളുകളുടെ മുറയാണെന്നും മറ്റും പറഞ്ഞാൽ മതി. ശങ്കരമേനോന്റെ വാക്കു പേഷ്ക്കാർ തട്ടുമെന്നു തോന്നുന്നില്ല."

ശങ്കരമേനോൻ: "എനിക്കു തീർച്ചയായി പറയാൻ പാടില്ല. ഈ വിവരം ഞാൻ ജ്യേഷ്ഠനോടു പറഞ്ഞു നോക്കാം. സമ്മതിച്ചെങ്കിൽ ഭാഗ്യമായി. എങ്കിലും ഒരു കാര്യത്തിൽ എനിക്കു കുറേ സംശയമുണ്ട്."

ശേഷയ്യൻ: "അതെന്താ?"

ശങ്കരമേനോൻ: "ജ്യേഷ്ഠന് ഒരു സ്വഭാവമുണ്ട്. അശ്രീകരങ്ങളായ കാഴ്ചകൾ കാണുകയോ, വർത്തമാനം കേൾക്കുകയോ ചെയ്താൽ അത്യന്തം സുഖക്കേടുണ്ടാകും."

അപ്പഴേക്കും ഒരു ശിപായി വന്ന്-"എയമാൻ വിളിക്കുന്നു"-എന്നു പറഞ്ഞു.

ശേഷയ്യൻ: "സുഖക്കേടുണ്ടെന്നു പറഞ്ഞത് സാരമില്ല. ഒരു കാര്യ സാദ്ധ്യത്തിനായിരുന്നാൽ അങ്ങനെ സുഖക്കേടു തോന്നുകയില്ല."

ശങ്കരമേനോൻ: "ആട്ടെ. ഞാൻ കഴിയുന്നെടത്തോളം ശ്രമിക്കാം. എന്നാൽ, പിന്നെ കാണാം. ജ്യേഷ്ഠൻ വിളിക്കുന്നു."

ഇങ്ങനെ പറഞ്ഞ് ഇരുവരും പിരിഞ്ഞു. ശങ്കരമേനോൻ ഒന്നു പറഞ്ഞാൽ പേഷ്ക്കാർ ഉപേക്ഷിക്കയില്ലെന്നും ആയതുകൊണ്ടു കാര്യം സാധിക്കാതിരിക്കയില്ലെന്നും ഉള്ള നിശ്ചയത്തോടും സന്തോഷത്തോടും കൂടി ശേഷയ്യൻ മഠത്തിലേക്കു പോയി.

നാലാം അദ്ധ്യായം

കുംഭം പതിനഞ്ചാം തീയതി തിങ്കളാഴ്ച തന്നെ *ദേവയാനീകചം* അഭിനയിക്കണം എന്നു ഗോവിന്ദപ്പണിക്കർക്കു സിദ്ധാന്തം. അന്നേ അച്ചു തമേനോൻ പേഷ്കാർക്കു വരാൻ തരമുള്ളു. ഒന്നോ രണ്ടോ ഉടുപ്പുകൾക്കു വേണ്ടുന്ന വില്ലുസ് മദിരാശിയിൽ നിന്നും വരുന്നതുവരെ താമസിക്കുവാൻ ക്ഷമയില്ല. ആയതുകൊണ്ടു സമസ്തസഹൃദയഹൃദയോല്ലാസിനീസഭക്കാർ എത്ര പറഞ്ഞിട്ടും ഗോവിന്ദപ്പണിക്കർ കൂട്ടാക്കുന്നില്ല. ഒന്നു രണ്ട് ഉടുപ്പുകളല്ലേ കുറവുള്ളു. അതിനു പകരം സഭക്കാരുടെ വക പലതരം ഉടുപ്പുകൾ ഉള്ളതിൽനിന്നും ചേർച്ചയുള്ളതായി രണ്ടുകൂട്ടം എടുത്താൽ മതിയെന്നാണ് പണിക്കർ പറയുന്നത്. കലാശം സഭക്കാർ സമ്മതിച്ചു. തിങ്കളാഴ്ചതന്നെ അഭിനയം തീർച്ചയാക്കി. തീർച്ചപ്പെടുത്തിയ നേരം മുതൽക്കു നാഴികകളും ദിവസങ്ങളും ക്ഷണത്തിൽ കഴിയുന്നവയായി പണിക്കർക്കു തോന്നി. സന്തോഷം അത്രയധികം. തിങ്കളാഴ്ച വരുന്നില്ലല്ലോ എന്നു കൂടക്കൂടെ പറഞ്ഞു. അങ്ങനെ 12–ാം തീയതി കഴിഞ്ഞു. 13–ാം തീയതി കഴിഞ്ഞു. 14–ാം തീയതി, 15–ാം തീയതി തിങ്കളാഴ്ച നേരം പുലർന്നു. സമയം അടുക്കുംതോറും പണിക്കർക്ക് ആഹ്ലാദം കൊണ്ട് ഹൃദയം തുടിച്ചുതുടങ്ങി.

തിങ്കളാഴ്ച വൈകുന്നേരം നടക്കാവിലേ വിശേഷങ്ങളല്ലേ കേൾക്കണ്ടത്.

ഒരു ഷാപ്പ് കീപ്പർ: "എന്തെടോ ഇത്ര തിടുക്കം? തന്റെ ഒരാളുടെ കാര്യം മാത്രം നോക്കിയാൽ മതിയോ? തന്നെക്കാൾ നേരത്തേ വന്നവരല്ലേ ഈ നിൽക്കുന്നത്. കണ്ടുകൂടേ."

ശിവായി അയ്യപ്പൻ നായര്: "തന്റെ കളിയൊക്കെ കളയൂ. അടിയന്തിരമാണ്. മുപ്പത്താറു വാൾലാമ്പുകൾ വേണം. പന്ത്രണ്ടു ഡജൻ മെഴുകുതിരിയും വേണം. എടുക്കു ക്ഷണം."

ഷാപ്പ് കീപ്പർ: "മുപ്പത്താറു വാൾലാമ്പുകളോ? എന്തിനാ അയ്യപ്പൻനായരെ ഇത്രയധികം?"

അയ്യപ്പൻ: "അല്ല, താൻ ഇതൊന്നും അറിഞ്ഞില്ലേ? ഈ തിരക്കൊക്കെയുണ്ടായിട്ടും താൻ ഇതൊന്നും അറിഞ്ഞില്ല, അല്ലേ? പിന്നെ താൻ എന്തു ഷാപ്പ് കീപ്പറാണ്?"

ഷാപ്പ് കീപ്പർ: "എന്താ? എന്താ? പറയൂ."

അയ്യപ്പൻ: "എടോ ഹജൂർ രയിസ്ത്രാളെയമാനന്റെ ദേവയാനീകചം നാടകം ഇന്നു രാത്രി അഭിനയിക്കുന്നുണ്ട്. ഇത്ര ഭേഷായിട്ട് ഇതുവരെ ഒരു നാടകവും ഉണ്ടായിട്ടില്ല. കാണെണ്ടുന്ന കാഴ്ചയല്ലേ? ജൂവിലിഹാളിലാണ്. വേണമെങ്കിൽ വരൂ. ടിക്കറ്റിനു രണ്ടണയേയുള്ളു."

സാമാനം വാങ്ങാൻ വന്ന ഒരാൾ: "നാടകത്തിന്റെ പേരെന്താ പറഞ്ഞത്, ദേവയാനീകുചമോ?"

അയ്യപ്പൻ: "അതേ, രസികൻ നാടകം. വടക്കേ കോവിലകത്തു മാർത്താണ്ഡവർമ്മ തമ്പുരാൻ തിരുമനസ്സുകൊണ്ട് ചട്ടിപ്പിക്കെട്ടു* കൊടുത്തിട്ടുണ്ട്. (ഷാപ്പ് കീപ്പറോട്) ആട്ടെ, എടുക്കൂ, വേഗം വേണം."

അപ്പഴക്കും വേറേ ഒരു ഷാപ്പിൽ ശിവായി രാമുനായിഡു– "സെന്റുണ്ടോ പനിനീരുണ്ടോ"–എന്നു വിളിച്ചു ചോദിക്കുന്നു. ഇതു കേട്ടിട്ട് ആദ്യത്തേ ഷാപ്പ് കീപ്പർ ഉടനേ ചാടി വെട്ടുവഴിയിൽ ഇറങ്ങി

ഇവിടെയുണ്ട്, ഒന്നാന്തരം പനിനീർ. കാഷ്മിയർ പനിനീർ. സഹായവില. വളരെ സഹായം. ഇങ്ങട്ടു വരൂ.

മറ്റേ ഷാപ്പ് കീപ്പർ: "നമ്മുടെ രാമുനായിഡുവല്ലേ അത്? ഇങ്ങട്ടുവരൂ. അവിടെ ചോദിക്കുന്നതിലും കാൽ അണ കുറച്ചു തന്നാൽ മതി. അവിടത്തേ പനിനീരല്ല, പനനീരാണ്."

പനനീരാണെന്നു കേട്ടപ്പോൾ മറ്റവൻ കയർത്തു. രണ്ടു ഷാപ്പ് കീപ്പർമാരും തെറി തിരുതകൃതി. അതിനിടയ്ക്കു ശിവായികൾക്കു പോകാൻ വയ്യിട്ടുള്ള അവരുടെ തിരക്കങ്ങനെ.

വേറൊരെടത്ത് ഒരു നായരും ഒരു ചുമട്ടുകാരനുംകൂടി വന്നിട്ട്: "ഗ്ലോപ്പ് കൂലിക്കു കൊടുക്കാനുണ്ടോ? നല്ല ഉറപ്പു വേണമെങ്കിൽ തരാം."

അപ്പോഴക്കും അയാളെ ഷാപ്പുകാർ വന്നു കൈപിടിച്ച് അങ്ങട്ടും ഇങ്ങട്ടും വലിക്കുന്നു.

മറ്റൊരു ദിക്കിൽ ഒരു വില്ലുക്കാരൻ: "രസക്കുടുക്കയുണ്ടോ? രസക്കുടുക്ക. നാലു ഡസൻ വേണം. കൂലിക്കു മതി. പല നിറം വേണം."

---

* സർട്ടിഫിക്കറ്റ്.

ഒരു വഴിപോക്കൻ: "എന്താ അവിടെ ഇത്ര ആൾ കൂടിയിരിക്കുന്നത്? എന്താ ചെണ്ടയടിക്കുന്നത്?"

വഴിപോക്കൻ പട്ടർ: "എന്നമോ? തെരിയാത്. ഊട്ടുപുരയെങ്കേ?"

ഒന്നാം വഴിപോക്കൻ ഇതുകേട്ട് ഒന്നും മിണ്ടാതെ ആൾക്കൂട്ടത്തിനരികേ ചെന്നപ്പോൾ അവിടെ നാടകത്തിന്റെ നോട്ടീസ് വായിച്ച് പകുതിയിലധികമായിരിക്കുന്നു.

"ശരിയായി എട്ടരമണിക്ക് അഭിനയം തുടങ്ങും. ടിക്കറ്റുകൾ ആറുമണി മുതൽക്കു കൊടുക്കപ്പെടും. ഒന്നാം ക്ലാസ് ഒരു രൂപ. രണ്ടാംക്ലാസ് എട്ടണ. മൂന്നാം ക്ലാസ് നാലണ. കുട്ടികൾക്കു രണ്ടണ. സ്ത്രീകൾക്കു കൂലി കൂടാതെ വേറെ സ്ഥലം. ശേഷം കൂലി കൂടാതെ എല്ലാ കാഴ്ചക്കാർക്കും നിലത്തു പനമ്പിൽ ഇരിക്കാം. ബീഡി ചുരുട്ടു മുതലായവ വലിക്കുവാൻ പാടില്ല. വിളക്കുവെപ്പു, സംഗീതം മുതലായവ ഇതിനു മുമ്പിൽ ഒരു ദിക്കിലും ഉണ്ടാകാത്തവിധം മഹാകേമം. വരുവിൻ, വരുവിൻ."

എന്നു മാത്രമേ കേൾപ്പാൻ കഴിഞ്ഞുള്ളു.

ഈ നോട്ടീസു വായിച്ച് ആൾക്കൂട്ടം പിരിഞ്ഞ ഉടനേ അതിൽ ഒരാൾ: "വളരെ കേമമായിരിക്കും. സംശയമില്ല ഞാൻ കാണാൻ പോകും. നിശ്ചയം."

അപ്പോൾ മറ്റൊരുത്തൻ: "നമുക്കൊരുമിച്ചു പോകാം. ഇനിക്കു മൂന്നാം ക്ലാസു മതി."

ഒന്നാമൻ: "അയ്യോ കാശൊന്നും കൊടുക്കാൻ ഇവിടെ ശേഷിയില്ല. ഞാൻ പനമ്പിൽ ഇരുന്നോളാം."

വേറൊരുവൻ: "പനമ്പിലിരുന്നാൽ വളരെ അകലെയായിപ്പോകും. എട്ടണ പോകട്ടെ എന്നു ഞാൻ തീർച്ചയാക്കിക്കഴിഞ്ഞു. പേഷ്കാരെയമാന്റെ അടുക്കെ ഇരിക്കാലൊ."

രണ്ടാമൻ: "അല്ല. പേഷ്കാരെയമാനൻ വരുന്നുണ്ടോ?" നേരം പോക്കു പറയുന്നതോ. എജമാന്ന് ഈ നാടകങ്ങളിൽ അത്ര താല്പര്യമില്ലെന്നല്ലെ കേട്ടിരുന്നത്.

സാമാനം വാങ്ങിച്ചുംകൊണ്ടു പോകുന്ന ശിപായി: "അങ്ങനെയുള്ള നാടകമല്ലെടൊ ഇത്. ഇത് ആൾ വേറെയാണ്. രെയിസ്ത്രാൾ എയമാന്റെതാണ്. അതു കാണാൻ പേഷ്കാരല്ല ദിവാൻജിസ്വാമി കൂടി വരും. സ്വാമി ഇപ്പോൾ ഇവിടെയില്ല."

മൂന്നാമൻ: "എന്നാൽ ഞാനും രണ്ടാം ക്ലാസിൽത്തന്നെ. എട്ടണയാകും. പുല്ലൊന്നും പോയി ഇശ്ശിനാൾ കൂടുമ്പോൾ ഇങ്ങനെ ഒരിക്കലല്ലേ വേണ്ടു."

ഒന്നാമൻ: "ഇനിക്കും അങ്ങനെയായാൽ കൊള്ളാമെന്ന് ആഗ്രഹമുണ്ട്. എന്തു ചെയ്യാം? ശേഷിയില്ലല്ലോ."

അതിനിടയിൽ വേറൊരു ശിപായി പോകുന്ന വഴി ഒരു ദൂരസ്ഥനോടു വിളിച്ചു പറയുന്നു:

പേഷ്കാരെയെമാന്നും ജഡ്ജിസ്വാമിയും ഉണ്ട്. രണ്ടുപേരും ഉണ്ട്.

അപ്പഴക്കും ഏഴു മണി കഴിഞ്ഞു. നല്ല നിലാവുണ്ട്. കുതിരവണ്ടികളും കാളവണ്ടികളും തിക്കും തിരക്കുമായി ജൂബിലിഹാളിലേക്ക് പോകുന്നു. ആളുകളും അനേകം പോകുന്നു. പോകുന്ന വഴിക്കു വർത്തമാനമൊക്കെ ശേഷം നാടകങ്ങളുടെ ദോഷങ്ങളെയും റജിസ്ട്രാർ ഗോവിന്ദപ്പണിക്കരുടെ യോഗ്യതാംശങ്ങളെയും കുറിച്ചായിരുന്നു.

അങ്ങനെ നേരം ഏഴരമണി കഴിഞ്ഞു. എട്ടായി. ജൂബിലി ഹാളിൽ ആളുകൾ വന്നു നിറഞ്ഞു. തിക്കു കൂടിത്തുടങ്ങി. വരാന്തയിലേക്കു കവിഞ്ഞു. അവിടെയും നിറഞ്ഞു മുറ്റത്തേക്കു തേട്ടി. കൂലി കൊടുത്തിട്ടുള്ളവരെ ഒക്കെ അകത്തിരുത്തി. ശേഷമുള്ളവർ വരാന്തയിലും മുറ്റത്തും അവരവരുടെ ബലാബലം പോലെയും സാമർത്ഥ്യം പോലെയും സ്ഥലം പിടിച്ചു. രണ്ടണ ടിക്കറ്റുകാരുടെ ഇടയിൽ തർക്കം കലശൽ.

"അല്പം അങ്ങൊട്ടു നീങ്ങിയിരിക്കെടോ."

"ഞാൻ നീങ്ങിയേ കഴിയൂ എന്നില്ല. അത്രയ്ക്കു താൻ ചുരുങ്ങിയാലും മതി."

"അധികപ്രസംഗം വേണ്ട. ഞാൻ കാശു കൊടുത്തിട്ടാണ് ഇരിക്കുന്നത്."

"ഞാൻ കൊടുത്തതു രൂപയായിട്ടാണ്."

ഇങ്ങനെ ഒരെടത്ത്, മറ്റേ മൂലയിൽ വേറെ വിഷയമാണ്.

"ചുരുട്ടിന്റെ പുകകൊണ്ട് ഇരുന്നുകൂടല്ലോ."

"ഇരുന്നുകൂടെങ്കിൽ എണീറ്റു നിന്നാലും വിരോധമില്ല."

"എണീറ്റു നിൽക്കാനാണു ഞാൻ രണ്ടണ കൊടുത്തത്?"

"ചുരുട്ടു കയ്യിൽ പൊതിഞ്ഞു പിടിക്കാനാണോ ഞാൻ ഒരു കാശു കൊടുത്തത്?"

"ഇപ്പോൾ കാണണോ തനിക്ക്?"

"കാണാൻ തന്നെയല്ലേ നാം ഇവിടെ കൂടിയിരിക്കുന്നത്? താൻ കാണിച്ചുതരണോ?"

"ഹേ. ശിപായി ഇവിടെ ഇരുന്നുകൂട. ഇതാ ഇയാൾ ചുരുട്ടു വലിക്കുന്നു."

ശിപായി: "എടോ? പുകല വലിക്കാൻ പാടില്ലന്നാ കല്പന."

കാണി: "ആരുടെ കല്പന?"

ശിപായ: "എയമാന്റെ കല്പന."

കാണി: "ഏതെയമാന്റെ?"

ശിപായി: "രെയിസ്ത്രാളെയമാന്റെ"

കാണി: "എവിടത്തേ രെയിസ്ത്രാൾ?"

ശിപായി: "ഞാൻ റിപ്പട്ട് ചെയ്യും."

കാണി: നല്ല പട്ടാണെങ്കിൽ ഞാനും കുറേ വാങ്ങാം.

രണ്ടും മൂന്നും ക്ലാസുകളിലേ വർത്തമാനത്തിൽ ഇങ്ങനെയുള്ള പീറത്തർക്കങ്ങൾ ഇല്ല. അവിടെ ഇരിക്കുന്നത് അല്പം യോഗ്യരാണ്. ഒന്നാം ക്ലാസിലേ അവസ്ഥ പറയേണ്ടല്ലോ. അവിടെ ഒക്കെ മഹായോഗ്യരും പരമരസികന്മാരുമാണ്.

അങ്ങനെയിരിക്കെ ഒരു തിരക്കു കേൾക്കയും എല്ലാവരും പുറത്തേക്കു നോക്കുകയും ചെയ്യുന്നു. ഇത് അച്യുതമേനോൻ പേഷ്കാരും സ്ഥലത്തേ മുൻസിപ്പും ഓരൊ വണ്ടിയേൽ വന്ന തിരക്കാണ്. ജഡ്ജിക്ക് എന്തോ കാരണത്താൽ വരാൻ പാടില്ലാത്തതിനാൽ വ്യസനിക്കുന്നു എന്ന് എഴുത്തയച്ചിട്ടുണ്ട്, ഉടനേ ഒരു ഭാഗവതർ ഒരു പാട്ട് ആരംഭിച്ചു. തംബുരു മുതലായ ഉപകരണങ്ങളും ഉണ്ട്. ഹാളിൽ ശബ്ദം ഈ സംഗീതത്തിന്റെയല്ലാതെ യാതൊന്നുമില്ല. ഹാളിലെ അലങ്കാരമൊന്നും പറയണമെന്നില്ല. വെളിച്ചം പകൽകൂടി ഇത്ര അധികമുണ്ടോ എന്നു സംശയം. അല്പം കഴിഞ്ഞപ്പോൾ സംഗീതം നിന്നു. അപ്പോൾ സഭാകാര്യസ്ഥൻ പേഷ്കാരുടെ അടുക്കൽ വന്ന് എന്തോ മന്ത്രിക്കുന്നപോലെ തോന്നി. പേഷ്കാർ അപ്പോൾ "ഇനി അഭിനയം തുടങ്ങാം." എന്നു മറുപടി പറഞ്ഞു.

ഉടനേ നാന്ദിശ്ലോകം കേൾക്കാറായി. ഇതിന്റെ വിശേഷങ്ങൾ പറയാതെ വിടുന്നത് അനീതിയായിരിക്കും. പ്രാസം നാലു പാദങ്ങൾക്കും ഉണ്ട്. അതിൽ മൂന്നു പ്രാസം തീരെ അസംബന്ധമാണ്. ചൊല്ലേറും, ഉല്ലാസം, കല്ല്യാണം ഇങ്ങനെ മൂന്ന് "ല്ല" കടിച്ചുവലിച്ച് ഒപ്പിച്ചിട്ടുണ്ട്. നിരർത്ഥപദങ്ങൾ അഥവാ കൂടിയേ കഴിയൂ എന്നില്ലാത്ത പദങ്ങൾ പാദമൊന്നിനു രണ്ടിൽ കുറയുകയില്ല. ശ്ലോകത്തിന്റെ കലാശം "പാതു വഃ" എന്നാണ്.

ഈ ശ്ലോകം കേട്ടപ്പോൾതന്നെ അച്യുതമേനോൻ അവർകൾക്ക് അല്പം സുഖക്കേടു തോന്നി.

അനന്തരം സൂത്രധാരൻ പ്രവേശിക്കുന്നു. ഈ വിദ്വാൻ ചാടിവന്ന വശം ഒരു ശ്ലോകം നീട്ടി അടിച്ചുകൊടുത്തു. അതിലേ പാദങ്ങൾ ചട്ടറ്റ, പുഷ്ടാമോദം, പിട്ടെന്ന്യേ, പെട്ടെന്ന് എന്നിങ്ങനെ നാലു പ്രാസങ്ങളോടു കൂടിയതായിരുന്നു. ഉടനേ തൊഴുതുപിടിച്ചുംകൊണ്ടു മേൽപറഞ്ഞവയ്ക്ക് അനുരൂപമായ പ്രാസങ്ങളോടു കൂടിയ നാലു കാലുകളിന്മേൽ വേറെ ഒരു ശ്ലോകപ്പന്തൽ നാട്ടി. അപ്പോൾ "ഭേഷ് ഭേഷ്" എന്ന് ഹാൾ മുഴുവനിലും ഒരു മുഴക്കം ഉണ്ടായി. ഇതുകേട്ട് ആനന്ദപാരവശ്യത്തോടുകൂടെ സൂത്രധാരൻ ഉപേന്ദ്രവജ്രയായി ഒരു ചെറിയ പന്തൽകൂടി നാട്ടി. ഈ പന്തൽ നാട്ടിയതു കണ്ട് അച്യുതമേനോൻ തന്റെ പാർശ്വഭാഗത്തിങ്കൽ ഇരിക്കുന്ന മുൻസിപ്പിനോട് "എനിക്ക് ഇതു മഹാ അവലക്ഷണമായി തോന്നുന്നു" എന്നു പറഞ്ഞു.

അപ്പോൾ മുൻസിപ്പ്: "അയ്യോ, ഇത് എത്ര ഭേദം. ഇതിലും എത്രയോ അവലക്ഷണങ്ങളായ ശ്ലോകങ്ങളാണ് ഇനി ഇവർ ചൊല്ലുവാൻ പോകുന്നത്" എന്ന് ഉത്തരം പറഞ്ഞു.

പേഷ്ക്കാർ: "അയ്യോ, ഞാനിതറിഞ്ഞെങ്കിൽ ഇവിടേക്കു വരുമായിരുന്നില്ല."

അപ്പോൾ സൂത്രധാരൻ ചുറ്റിനടന്ന് അണിയറയിലേക്കു നോക്കീട്ട്: "ആര്യേ, ഇങ്ങോട്ടു വരികതന്നെ."

പേഷ്ക്കാർ: "ആരെയാണ് ഈ വിളിക്കുന്നത്?"

മുൻസിപ്പ്: "നടിയെ."

പേഷ്ക്കാർ: "ആരാണത്?"

മുൻസിപ്പ്: "ഇങ്ങനെ അസത്തുക്കളായ ചില വേഷങ്ങൾ ഉണ്ട്. ഇവറ്റയെ ആണ് അരങ്ങത്ത് ആദ്യം വലിച്ചുകൊണ്ടു വരിക പതിവ്."

ഇങ്ങനെ പറയുന്നതിനകത്ത് നടി എന്ന സ്വരൂപം ചാടിവന്ന് "ഭവാന്റെ ഏതു കല്പനയെയാണ് ഞാൻ അനുഷ്ഠിക്കേണ്ടത്" എന്നു പറഞ്ഞു.

പേഷ്ക്കാർ: "ഇതു കേട്ടിട്ട് എനിക്ക് അറയ്ക്കുന്നു."

സൂത്രധാരൻ ഒരു പന്തൽശ്ലോകംകൂടി നാട്ടി. വലിയ പന്തലാണ്. സ്രഗ്ദ്ധരയിലാണ്. ഈ പന്തലിന്റെ നാലു കാലുകൾ വമ്പേറും, അമ്പിൽ, കമ്പം, മൂമ്പ് ഇങ്ങനെ നാലു പ്രാസക്കുഴികളിലാണ് ഇറക്കിയിരിക്കുന്നത്.

പേഷ്ക്കാർ: "വിഷമമായി. ഇവിടെ വന്നത് അബദ്ധം. എനിക്ക് ഒട്ടും സുഖമില്ല."

അപ്പോൾ നടി ഏതു നാടകമാണ് അവിടെ അഭിനയിക്കേണ്ടതെന്നു സൂത്രധാരനോടു ചോദിക്കയും ആ വിദ്വാൻ അപ്പോൾ പൂന്തോട്ടിൽ ഗോവിന്ദപ്പണിക്കർ ഉണ്ടാക്കിയ ദേവയാനീകചമാണ് ഉത്തമമെന്നും പറഞ്ഞ് ഗോവിന്ദപ്പണിക്കരെ അമിതമായി ശ്ലാഘിക്കുന്ന ശ്ലോകത്താൽ വർണിക്കയും ചെയ്തു.

പേഷ്ക്കാർ ഇതു കേട്ടപ്പോൾ: "എനിക്ക് ഓക്കാനം വരുന്നു. എന്തു വേണം?" :എന്നു മുൻസിപ്പിനോടു പറഞ്ഞു. മുൻസിപ്പ് അതുനേരം പോക്കാണെന്നു വിചാരിച്ചു ചിരിച്ചു.

അനന്തരം നടി: "ശരിതന്നെ. അതുകൊള്ളാം" എന്നും മറ്റും പറഞ്ഞ് "ഏത് ഋതുവിനെ വർണിച്ചാണു പാടേണ്ടത്" എന്നു സൂത്രധാരനോടു ചോദിച്ചു.

അപ്പോൾ സൂത്രധാരൻ "ശരദൃതുവിനേത്തന്നെ വർണിക്കണമെന്നല്ലേ ഇവരുടെ നിയോഗം?" എന്നു പറഞ്ഞ് ഒരു ശ്ലോകം ചൊല്ലി. ഇതിൽ നിലാവും ഹംസവും കാറ്റും താമരയും മറ്റും തിരുതകൃതിയായിരുന്നു.

ഇതു പകുതി ചൊല്ലിയപ്പോൾ പേഷ്ക്കാർ മുൻസിപ്പിനോട്–"എനിക്ക് ഓക്കാനം നല്ലവണ്ണം വരുന്നുണ്ട്.'നേരംപോക്കല്ല"–എന്നു പറഞ്ഞു.

ഇതിനും മുൻസിപ്പു പണ്ടത്തേപ്പോലെ ചിരിച്ച് "ഉടനേ പോകാം" എന്നു മാത്രം മറുപടി പറഞ്ഞു. എങ്കിലും അവിടെത്തന്നെ കുറേ നേരം കൂടി ഇരിക്കയാണു ചെയ്തത്.

ചുരുക്കിപ്പറയാം. സാധു പേഷ്കാർ അവിടെത്തന്നെ ഒരു നാഴിക കൂടി ഇരിക്കുന്നതിനു സംഗതിയായി എന്നല്ലേ പറയേണ്ടു. പ്രസ്താവന കഴിഞ്ഞു സാക്ഷാൽ നാടകം ആരംഭിച്ച് അര നാഴികയ്ക്കകത്തു പല വൃത്തങ്ങളിലുമായി പന്തൽ ശ്ളോകം അഞ്ചുപത്ത് നാട്ടിക്കഴിഞ്ഞു. പേഷ്കാർക്കു സഹിച്ചുകൂട. ഒരു മിനിട്ടുകൂടി ഇരിക്കാൻ പാടില്ല. അപ്പഴേക്കും അരങ്ങത്ത് ദേവയാനിയുടെ വേഷമാണെന്നും പറഞ്ഞ് ഒരു അസത്തു ചാടിവന്ന് കാളയുടെ മുക്കറശബ്ദത്തിൽ ഒരു ശ്ലോകം ചൊല്ലി.

പേഷ്കാർ ഉണ്ടതു മുഴുവനും പുറത്ത്. അപ്പഴാണു മുൻസിപ്പിന്നു കഥ മനസ്സിലായത്. ഉടനേ നാടകം നിർത്തി. ഉദ്യോഗസ്ഥന്മാരും ശിപായികളും ബദ്ധപ്പെട്ടു പേഷ്കാരുടെ ചുറ്റും വന്നു നിന്നു. ഉടനേ അപ്പോത്തിക്കരിയെ വരുത്തി. എങ്കിലും പേഷ്കാർ "എനിക്കൊരു മരുന്നും വേണ്ട. ദഹനക്കേടല്ല. കാരണം വേറെയാണ്" എന്നു പറഞ്ഞു. അല്പം കഴിഞ്ഞപ്പോൾ കുറേ വെള്ളം കുടിച്ചു. വിശറി കൊണ്ടുവന്നു വീശുവാൻ പറഞ്ഞു. ഇങ്ങനെ ഹാളിൽ ഒരനക്കവും കൂടാതെ പേഷ്കാർ എന്താണു ചെയ്യാൻ പോകുന്നതെന്നു നോക്കിക്കൊണ്ടു കാഴ്ചക്കാർ ബദ്ധകൗതുകത്തോടെ ഇരിക്കയിൽ അദ്ദേഹം എഴുന്നേറ്റു താഴെ കാണുംപ്രകാരം സാവധാനത്തിൽ ഒരു പ്രസംഗം ചെയ്തു.

ഹേ! സഭാവാസികളേ!

മിസ്റ്റർ ഗോവിന്ദപ്പണിക്കർ ഉണ്ടാക്കിയ നാടകം അഭിനയിക്കുന്നതു കാണാനായി ഞാനും നിങ്ങളെല്ലാവരും ഇവിടെ വന്നിരിക്കുന്നു. എങ്കിലും അഭിനയം ഇതുവരെ ആയപ്പോഴേക്കും ഇനി ഒരു ക്ഷണമെങ്കിലും ഈ നാടകം കാണുന്നതിന് എനിക്കു പാടില്ലാതായിരിക്കുന്നു എന്നു ഞാൻ വ്യസനത്തോടെ പറഞ്ഞുകൊള്ളുന്നു. നാടകങ്ങൾ ഇയ്യിടെ മലയാളത്തിൽ അനേകം ഉണ്ടാക്കപ്പെടുന്നുണ്ടെന്ന് കേട്ടു ഞാൻ സന്തോഷിച്ചു. എന്നാൽ അതുകളിൽ ദുർല്ലഭം ചില നാടകങ്ങളൊഴികെ മിക്കതും പ്രസിദ്ധീകരണത്തിനുപോലും യോഗ്യതയില്ലാത്തവയാണെന്ന് എന്റെ സ്നേഹിതന്മാർ പലപ്പോഴും എന്നോടു പറഞ്ഞിട്ടുണ്ട്. ഈ കേൾവിയെ ഞാൻ വിശ്വസിക്കയോ വിശ്വസിക്കാതിരിക്കയോ ചെയ്തില്ല. മലയാള നാടകങ്ങൾ എത്രതന്നെ വൈശിഷ്ട്യത്തെ പ്രാപിച്ചാലും ഇംഗ്ലീഷ് നാടകങ്ങളോട് ഒക്കയില്ലെന്നും ഞാൻ ഇംഗ്ളണ്ടിൽ പല തവണയും കണ്ടിട്ടുള്ള ഇംഗ്ലീഷ് നാടകാഭിനയങ്ങളുടെ ഒരു ശതാംശമെങ്കിലും യോഗ്യതയോ ഭംഗിയോ ഇവിടുത്തെ അഭിനയങ്ങൾക്കുണ്ടാകുവാൻ പാടില്ലെന്നും ഉള്ള വിശ്വാസത്താൽ ആണു ഭാഷാനാടകങ്ങളിലോ അവയുടെ അഭിനയങ്ങളിലോ എനിക്കു താൽപ്പര്യമില്ലാതിരുന്നത്.

എന്നാൽ ഇപ്പോൾ ഈ നാടകാഭിനയം ഇതുവരെ കണ്ടതിൽ നിന്നു മലയാളനാടകങ്ങളുടെ സ്വഭാവം എനിക്ക് ഏകദേശം മനസ്സിലായിരിക്കുന്നു. പായസം, പ്രഥമൻ മുതലായവ വിശേഷ പദാർത്ഥങ്ങളെ അനുഭവിച്ചിട്ടുള്ളവർക്കു ചീഞ്ഞു നാറുന്ന മൽസ്യമാംസം തിന്മാൻ കൊടുത്താൽ എത്ര രസമുണ്ടാകും? ഇംഗ്ലീഷ് നാടകങ്ങളും മലയാളനാടകങ്ങളും തമ്മിൽ ഇതിലധികം അന്തരമുണ്ട്. മലയാളനാടകങ്ങളെന്നു ഞാൻ ഇവിടെ സാമാന്യമായിട്ടാണു പറയുന്നതെന്നും അതിനു വ്യത്യസ്തങ്ങൾ ഉണ്ടെന്നും നിങ്ങൾ മറന്നുകളയരുത്. ഇംഗ്ലീഷ് നാടകങ്ങളെ നല്ലവണ്ണം വായിച്ചറിഞ്ഞിട്ടുള്ളവർക്ക് ഇപ്പഴത്തേ ഈ ഭാഷാനാടകങ്ങളിൽ ലവലേശം രസമുണ്ടാകുവാൻ പാടില്ല. ഭാഷാനാടകങ്ങളിലേ അനേകന്യൂനതകളെയും ദോഷങ്ങളെയും സൂക്ഷിച്ച് അതുകളെ പരിഹരിക്കാൻ മാത്രമായിക്കൊണ്ടുള്ള ഭാഷാനാടകതല്പരന്മാരായ ജനങ്ങളുടെ ശ്രമം അഭിനന്ദനീയമാണെന്നല്ലാതെ അതുകളുടെ അഭിനയത്തേക്കണ്ടു രസിപ്പാനായി ഇംഗ്ലീഷ് നാടകരസാനുഭോക്താക്കളായ യോഗ്യന്മാർ വരുന്നത് എനിക്ക് ഒട്ടും മനസ്സിലാകാത്ത ഒരു കാര്യമാണ്. ഇംഗ്ലീഷ് നാടകങ്ങളുടെ പ്രചാരം നമ്മുടെ രാജ്യത്തില്ലായിരുന്നു എങ്കിൽ ഈ ഭാഷാനാടകങ്ങളിലുള്ള ജനസാമാന്യത്തിന്റെ ഭ്രമത്തിന് ഒരു അർത്ഥമുണ്ടാകുമായിരുന്നു. ഉപമകൊണ്ടാണല്ലോ നാം എല്ലാക്കാര്യങ്ങളുടെയും ഗുണദോഷങ്ങളെ തിരിച്ചറിയുന്നത്. മൂന്നു പൈ കൊടുത്താൽ രണ്ടു തീപ്പെട്ടി കിട്ടുന്ന കാലത്ത് ആരെങ്കിലും പൂർവസമ്പ്രദായപ്രകാരം രണ്ട് മരക്കഷ്ണങ്ങൾ തമ്മിൽ കൂട്ടി അധികനേരം ഉരച്ച് തീയുണ്ടാക്കുവാൻ ശ്രമിക്കുന്നത് എത്ര വിഡ്ഢിത്തമായിരിക്കും. അങ്ങനെ ശ്രമിക്കുന്നതിൽ തീപ്പെട്ടിയുടെ പരിജ്ഞാനം ധാരാളമുള്ളവർകൂടി സഹായിച്ചാൽ അവർ എന്തുമാത്രം പരിഹാസത്തിനാണ് പാത്രങ്ങളാകേണ്ടത്? നല്ല മൽമൽ അലക്കുശീല സാരി മുതലായ വിശേഷവസ്ത്രങ്ങൾ ധാരാളമായി വരുന്ന കാലത്തു മരവിരി ധരിച്ചുകൊണ്ടു നടക്കുന്നവൻ വിടുവിഡ്ഢിയോ യോഗ്യനോ? സ്ഫടികപ്പാത്രങ്ങളുപയോഗിക്കുന്നവൻ മൺചട്ടി കൊതിക്കുമോ? തീപ്പെട്ടിയോ മേൽവിവരിച്ച തരം വസ്ത്രങ്ങളോ സ്ഫടികപ്പാത്രങ്ങളോ നടപ്പില്ലാത്ത ഒരു രാജ്യത്തു മരക്കഷ്ണങ്ങളുടെ സംഘർഷണവും മരവുരിധാരണവും മൺചട്ടിയും നിന്ദ്യമോ പരിഹാസവിഷയമോ ആയിരിക്കുവാൻ പാടില്ലല്ലോ. ഇതുപോലെ ഉപമകൾ അനവധി പറയാം.

എന്നാൽ, ഇംഗ്ലീഷ്നാടകങ്ങളുടെ സൽഗുണങ്ങളെ ജനസാമാന്യത്തെ മനസ്സിലാക്കുവാൻ ആരും അത്ര ഉത്സാഹിക്കുന്നില്ലല്ലോ എന്നും പിന്നെ ഇംഗ്ലീഷ് വശമില്ലാത്തവർ എന്തു ചെയ്യും എന്നും നിങ്ങൾ പക്ഷേ, ചോദിക്കുമായിരിക്കും. ഈ ചോദ്യം എത്രയും സ്വാഭാവികവും യുക്തിയുക്തവുമാണെന്നു ഞാൻ സമ്മതിക്കുന്നു. ഷെയിക്സ്പിയർ മുതലായ ജഗൽപ്രസിദ്ധന്മാരായ കവികളുടെ നാടകങ്ങളെ വായിച്ചറികയും അവയുടെ അനന്യസാധാരണമായ രസങ്ങളെ അനുഭവിക്കയും ചെയ്തിട്ടുള്ള

പലരും ഈ ഭാഷാനാടകങ്ങളിൽ ഇത്ര ഭ്രമമുള്ളവരായി തീർന്നിരിക്കുന്നത് എന്നെ എത്രയും ആശ്ചര്യപ്പെടുത്തുന്നു. ഇംഗ്ലീഷ് നാടകങ്ങളുടെയും ഭാഷാനാടകങ്ങളുടെയും ഗുണദോഷങ്ങളെ ഇവർക്കു നല്ലപോലെ അറിയാമെങ്കിലും ഭാഷാനാടകങ്ങളെ പരിഷ്കരിക്കുകയോ അവയുടെ ദോഷങ്ങളെ വെളിപ്പെടുത്തുകയോ ചെയ്യാതെ ഇവർ മൗനം ദീക്ഷിച്ചിരിക്കുന്നത് Moral Courage അല്ലെങ്കിൽ ശീലദാർഢ്യം വേണ്ടപോലെ ഇല്ലാഞ്ഞിട്ടാണെന്നു തോന്നുന്നു. ആയതുകൊണ്ട് ഇംഗ്ലീഷ്നാടകങ്ങളുടെയും ഭാഷാനാടകങ്ങളുടെയും ഭേദങ്ങളെ ഈ അവസരത്തിൽ അല്പം ഉപന്യസിക്കുന്നതു വളരെ ഉപകാരവും ഉചിതവും ആയിരിക്കുമെന്നതിന്നു സംശയമില്ല.

ഇംഗ്ലീഷിൽ നോവലുകൾക്കെന്നപോലെ നാടകങ്ങൾക്കും ജീവനായുള്ള ലക്ഷണം പ്ലോട്ട്* എന്നതാണ്. ഇതിനു മലയാളത്തിൽ കഥാബന്ധം അല്ലെങ്കിൽ കഥയുടെ കൂട്ടുകെട്ട് എന്നു പറയാം. എങ്കിലും അത്രമാത്രം പറഞ്ഞാൽ പ്ലോട്ട് എന്നതിന്റെ അർത്ഥം മുഴുവനും നിങ്ങൾക്കു മനസ്സിലാകുമെന്നു തോന്നുന്നില്ല. പ്ലോട്ട് ഉള്ള ഒരു കഥയായാൽ കവിക്ക് ഏതെങ്കിലും ഒരു കലാശം അല്ലെങ്കിൽ ഉദ്ദേശ്യം മനസ്സിൽ ഉണ്ടായിരിക്കും. കഥയിലെ നാനാഭാഗങ്ങളും ഉപകഥകളും ഈ കലാശത്തെ സാധിക്കുന്നതിൽ നേരിട്ടോ നേരിട്ടല്ലാതയോ സഹായകങ്ങളായിരിക്കും. ചിലപ്പോൾ ഈ ഭാഗങ്ങൾ തമ്മിൽ സംബന്ധമില്ലെന്നു തോന്നും. കയറ്റുവാണത്തിന്റെ കയറുകൾ പല സ്ഥലങ്ങളിലും കുറ്റി തറച്ച് കെട്ടിയിരിക്കുന്നു. എങ്കിലും, എല്ലാം ചെന്നു കലാശിക്കുന്നത് ഒരു സ്ഥലത്തായിരിക്കുന്നതുപോലെ കഥ മുതിരുന്തോറും ഓരോ ഭാഗം അല്ലെങ്കിൽ ഉപകഥ കവി ഊന്നിയിരിക്കുന്ന കലാശത്തിലേക്കു ചാഞ്ഞു ചാഞ്ഞു വരും. നാനാഭാഗങ്ങൾക്കും പരസ്പരം ഓരോ സംബന്ധം അപ്പോൾ തുടങ്ങുകയും ചെയ്യും. ഇങ്ങനെ ഒരു ഉപകഥ മറ്റൊന്നിനെയും മറ്റതു വേറെ ഒന്നിനെയും തമ്മിൽ സഹായിച്ചു സമ്മിശ്രമായി ഒരേ കലാശത്തെ സാധിക്കുന്ന കഥയ്ക്കാണ് പ്ലോട്ടുണ്ടെന്ന് പറയുന്നത്. ഈ കലാശത്തിൽ എത്തുന്നതിന്ന് ആകസ്മികങ്ങളായ പല ഹേതുക്കളും ചിലപ്പോൾ ഉണ്ടായിരിക്കും. ആദ്യം തന്നെ ഈ വക ഹേതുക്കളിൽ ഓരോന്നിന്റെ ആവശ്യകതയെ കാണാതെ വായനക്കാരൻ കൗതുഹലാക്രാന്തചിത്തനായി ബുദ്ധിമുട്ടുന്നു എങ്കിലും കഥ വായിച്ചു വായിച്ച് ചെല്ലുന്തോറും ആ ഹേതുക്കളുടെ യോജ്യത ക്രമശഃ പ്രത്യക്ഷമായിത്തീരുകയും പരിണാമം അറിവാനുള്ള തിടുക്കവും അതോടുകൂടി സന്തോഷവും വർദ്ധിക്കുകയും ഒടുക്കം കഥയുടെ ഉദ്ദിഷ്ടമായ അവസാനത്തിൽ വരുമ്പോൾ വായനക്കാരന്റെ സന്തോഷം പരമകാഷ്ഠയെ പ്രാപിക്കയും ചെയ്യുന്നു.

ഇതാണ് പ്ലോട്ട്. ഇതിലും വ്യക്തമായി പ്ലോട്ട് എന്ന പദത്തിന്റെ അർത്ഥം പറയാൻ പ്രയാസമുണ്ട്. എങ്കിലും പറയാനേ പ്രയാസമുള്ളു. ഊഹിക്കുവാൻ എനിക്കു ധാരാളം കഴിയും. ഇത്രമാത്രം പറഞ്ഞ

തിൽനിന്ന് പ്ലോട്ടിനേക്കുറിച്ച് സാമാന്യമായ ഒരു പരിജ്ഞാനം നിങ്ങൾക്കു ണ്ടായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

എന്നാൽ ഈ പ്ലോട്ട് അല്ലെങ്കിൽ ഐക്യം ഇല്ലാഞ്ഞാൽ കവി എത്ര തന്നെ യോഗ്യനായിരുന്നാലും ആ നാടകം കുൽസാവഹമായിരിക്കും. ലോകത്തിലെ നാടകകർത്താക്കന്മാരിൽ അദ്വിതീയനെന്നു മാത്രമല്ല പക്ഷികളിൽ ഗരുഡനെന്നപോലെ ശേഷം നാടകകർത്താക്കന്മാ രിൽനിന്നും എത്രയോ ഉന്നതിയിൽ നിൽക്കുന്ന ഷെയിക്സ്പിയറിന്റെ 'ഹെന്നരി–' എന്ന നാടകത്തിൽ നാടകീയമായ മേല്പറഞ്ഞ ഐക്യം ഇല്ലാത്തതിനാൽ അതിനെ ലോകർ നിന്ദിക്കുന്നു എന്നുതന്നെയല്ല അതു ഷെയിക്സ്പിയറിന്റേതല്ലെന്നുകൂടി സ്ഥാപിക്കുവാൻ ശ്രമിക്കുന്നുണ്ടെ ന്നുള്ള യാഥാർത്ഥ്യം ഈ പ്ലോട്ട് എന്ന ലക്ഷണത്തിന്റെ പ്രാധാന്യത്തെ സമ്യക്കായി വിശദീകരിക്കുന്നു.

ഇംഗ്ലീഷിൽ പ്ലോട്ടില്ലാത്ത നാടകങ്ങൾ എത്ര ചുരുക്കമോ അതിലും തുലോം ചുരുക്കമാണു മലയാളത്തിൽ പ്ലോട്ടുള്ള നാടകങ്ങൾ. രാമായണം, ഭാരതം മുതലായ പുസ്തകങ്ങളിൽനിന്നും ഏതെങ്കിലും ഒരു കഥയെ ടുത്തു നാടകമാക്കിയാൽ അതിലെങ്ങനെയാണു പ്ലോട്ടുണ്ടാകുന്നത്? ഒരു ചരിത്രം ഗദ്യപദ്യങ്ങളിലായി പറഞ്ഞു എന്നല്ലാതെ ഞാൻ യാതൊരു വിശേഷവും കാണുന്നില്ല. വെറും ചരിത്രങ്ങളിൽ പ്ലോട്ടുള്ള* കഥകൾ കണ്ടെത്തുവാൻ പ്രയാസമുണ്ട്. പ്ലോട്ട് കവിയുടെ കല്പനാസാമർത്ഥ്യ ത്താൽ ഉണ്ടാക്കേണ്ടതാണ്. കടം വാങ്ങിക്കുന്ന ഒരു കഥയിൽ പ്ലോട്ട് താനേ ഉണ്ടായിരിക്കുന്നത് എത്രയും അസാധാരണമാണ്. ഒരാൾ ചക്ക വാങ്ങാൻ ചന്തയിൽ പോയി അതുവാങ്ങി വീട്ടിലേക്കു പോന്നു എന്നു ള്ളത് ഒരു നാടകമാക്കാൻ തുടങ്ങിയാൽ ആ വക നാടകങ്ങളെ വായി ക്കാനും ബഹുമാനിക്കുവാനും ഭോഷന്മാരല്ലാതെ ആർ ഉണ്ടാകും?

ഇങ്ങനെയാണു തത്ത്വം. ഈ തത്ത്വം അറിയുന്ന വളരെപ്പേരെ ഇക്കാ ലത്തു കാണുന്നില്ല. അറിഞ്ഞാൽ പറയാൻ ധൈര്യമുള്ളവർ അതിലും ദുർല്ലഭം. അഥവാ വല്ലവരും വെളിയിൽ പറയാൻ തുനിഞ്ഞാൽ അവനെ എല്ലാവരുംകൂടി വിഡ്ഢിയാക്കുകയും ആക്ഷേപിക്കപ്പെട്ട നാടകം കരി മ്പാണെന്നും ആക്ഷേപിച്ചവനു പല്ലില്ലെന്നും അതുകൊണ്ടാണ് അതിന്റെ രസത്തെ അറിവാൻ പാടില്ലാത്തതെന്നും മറ്റും ഉത്തരങ്ങൾ പറയുകയും ചെയ്യുന്നു. നാടകങ്ങളെ ഇങ്ങനെ ശർക്കരയോടും കരിമ്പിനോടും പഞ്ച സാരയോടും തേനിനോടും മറ്റും ഉപമിക്കുന്നതു കാണുമ്പോൾ എനിക്ക് ഓക്കാനം വരുന്നു.

ഇംഗ്ലീഷ് നാടകങ്ങളും ഭാഷാനാടകങ്ങളും തമ്മിൽ ഭേദപ്പെടുന്ന മറ്റൊരു സംഗതിയെ ഇനി പറയാം. ഇംഗ്ലീഷ് നാടകങ്ങളിൽ സാക്ഷാൽ കവിത വളരെ പ്രധാനമായ ഒരു ലക്ഷണമാണ്. കവിക്ക് വിദ്വാൻ എന്നൊ

---

* ഇതിവൃത്തം (Plot).

രർത്ഥമുണ്ട്. ആ അർത്ഥത്തിലല്ല ഞാൻ ആ പദത്തെ ഇപ്പോൾ ഉപയോഗിക്കുന്നത് പൊയറ്റ്റി എന്ന അർത്ഥത്തിലാണ്. പൊയറ്റ്റി എന്നുവെച്ചാൽ എന്താണെന്നു തിരിച്ചു പറയാൻ അത്യന്തം പ്രയാസമാണ്. ഇതിന്റെ ലക്ഷണങ്ങളെ ഇതുവരെ ആരെങ്കിലും വ്യാഖ്യാനിച്ചിട്ടുണ്ടോ എന്നും സംശയമാണ്. എങ്കിലും നിങ്ങൾക്ക് ഏകദേശമായ ഒരു അറിവുണ്ടാകുവാനായി ഞാൻ തൽസംബന്ധം ഇവിടെ അല്പം പറയാം. ലോകത്തിൽ ഏതു വസ്തുവിനെക്കുറിച്ചായാലും ഏതു വിഷയത്തെക്കുറിച്ചായാലും എഴുതുകയോ പറയുകയോ ചെയ്താൽ അങ്ങനെ എഴുതുകയും പറയുകയും ചെയ്യുന്നതിൽ വായനക്കാർക്കോ കേൾവിക്കാർക്കോ അസാധാരണമായ ഒരു രസം ഏതിൽനിന്നു ജനിക്കുന്നുവോ അതിൽ കവിതയുണ്ടെന്നു പറയാം. പക്ഷേ, താദൃശമായ രസം ഉൽഭവിക്കുന്നത് കേൾവിക്കാരുടെയും വായനക്കാരുടെയും അവസ്ഥയെ അനുസരിച്ചിരിക്കുമെന്നും ഒരാൾക്കു സരസമായി തോന്നുന്നത് മറ്റൊരാൾക്ക് രസശൂന്യമായി തോന്നിയേക്കാമെന്നും ചിലർ തർക്കിക്കുമായിരിക്കാം. ഇത് കുറെ നേരാണെങ്കിലും, മനുഷ്യർക്കു ചില സന്ദർഭങ്ങളിൽ സർവസാധാരണമായ ഓരോ രസങ്ങൾ അല്ലെങ്കിൽ തോന്നലുകൾ ഉണ്ടാകുന്നത് നാം കണ്ടുവരുന്നുണ്ട്. ഈ വിഷയം തത്ത്വജ്ഞാനികൾ ഉപന്യസിക്കേണ്ടതും ഇങ്ങനെയുള്ള ഒരു സദസ്സിൽ വ്യവഹരിക്കപ്പെടുവാൻ ചേർച്ചയില്ലാത്തതുമാണെന്ന് എനിക്ക് അറിയാം. എങ്കിലും ഇതുവരെ ഒരു സംഗതിവശാൽ പറഞ്ഞിട്ട് പെട്ടെന്ന് അതിനെ നിർത്തരുതല്ലോ എന്നുള്ള യുക്തിയിന്മേൽ ഞാൻ തുടർച്ചയായി പ്രസംഗിക്കുന്നതാണ്. മേൽപ്പറഞ്ഞ വിധം സർവസാധാരണമായ രസത്തെ ഉൽഭവിപ്പിക്കത്തക്കവണ്ണം വാക്യങ്ങളെ രചിക്കുന്നതിനുള്ള സാമർത്ഥ്യത്തിനാണ് കവിത എന്നു പറയുന്നത്. ഉപ്പ് നാവിന്മേൽ വെച്ചാൽ ചിലർക്കു കൈപ്പുരസം ഉണ്ടാകുമെന്നും ചിലർക്കു മധുരമായി തോന്നുമെന്നും വരുന്നതല്ലല്ലോ. പഞ്ചസാര ചിലർക്കു മധുരവും അന്യർക്കു കടുവും ആയിരിക്കുവാൻ പാടില്ല. അപ്രകാരംതന്നെ ചില വാക്യങ്ങളുടെ ശ്രവണത്തിൽ സർവസാധാരണമായ ഒരേ രസം ജനിക്കുന്നതാണ്. ഏതാദൃശമായ രസജനനം മനുഷ്യദുർഗ്രഹങ്ങളായ ഏതോ ചില നിയമങ്ങളേ ആശ്രയിച്ചിരിക്കുന്നുണ്ടായിരിക്കാം. എങ്കിലും നമ്മുടെ ഇപ്പഴത്തേ കാര്യവിചാരണയിൽ ആവക നിയമങ്ങളെ ആദ്യം തന്നെ വ്യാഖ്യാനിക്കാനോ നിർണയിക്കാനോ ഉള്ള ആവശ്യകതയില്ല.

ഭാഷാനാടകങ്ങളിൽ ഈ വിധമുള്ള കവിത അത്യന്തം ചുരുക്കമാണ്. കവിതയും പദ്യവും ഒരേ അർത്ഥമുള്ളതാണെന്നു ഗ്രഹിച്ചിരിക്കുന്ന അനേകജനങ്ങളുണ്ട്. കവിതയ്ക്കു പദ്യരൂപം അപരിത്യാജ്യമല്ല. ഗദ്യത്തിലും പദ്യത്തിലും കവിതയുണ്ടാകാം. എന്നാൽ പദ്യത്തിൽ കർണസുഖം വിശേഷാൽ ഉള്ളതിനാൽ കവിതയോടുകൂടിയ പദ്യം വിശിഷ്ടമായിരിക്കും. എങ്കിലും കവിതാശൂന്യമായ പദ്യത്തേക്കാൾ കവിതായുക്തമായ ഗദ്യം സുരസമാണല്ലോ.

എന്നാൽ ഭാഷാനാടകങ്ങളിൽ സാക്ഷാൽ കവിതയില്ലെന്നു തന്നെയല്ല തന്നിമിത്തം കർണസുഖംകൂടി ഉണ്ടാകുന്നില്ലെന്നു ചിലർ എന്നോടു പറഞ്ഞിട്ടുള്ളത് മിഥ്യയെന്നു വിചാരിപ്പാൻ ഇപ്പോൾ പാടില്ലാതെ വന്നിരിക്കുന്നു. അങ്ങനെയുള്ള നാടകം എഴുതിയുണ്ടാക്കുന്നതിലും നല്ലത് ഉപയുക്തതരങ്ങളായ മറ്റു വല്ല വേലകളും നോക്കുന്നതാണ്.

സാക്ഷാൽ കവിത കിടക്കുന്നത് അർത്ഥത്തിലാണ്. ശബ്ദത്തിലല്ല. അർത്ഥഭംഗിക്കാണ് ശബ്ദഭംഗിയെക്കാൾ പ്രാധാന്യം കൊടുക്കേണ്ടത്. ആയതുകൊണ്ട് ഒരു ശ്ലോകം സാക്ഷാൽ കവിതയുള്ളതോ അല്ലയോ എന്നറിയണമെങ്കിൽ അതു ഭാഷാന്തരപ്പെടുത്തി നോക്കിയാൽ മതി. ഭാഷാന്തരത്തിൽ രസക്ഷയം സംഭവിക്കാഞ്ഞാൽ ആ ശ്ലോകം ശബ്ദഗുണത്തെ ആശ്രയിക്കുന്നില്ലെന്നും അതിന്റെ രസം അതിൽ ഉപയോഗിച്ചിട്ടുള്ള പദങ്ങളുടെ അർത്ഥത്താൽ സിദ്ധിക്കുന്നതാണെന്നും തെളിയും. ഭാഷാശ്ലോകങ്ങളിൽ പലതും എടുത്ത് ഞാൻ ഈ പരീക്ഷ കഴിച്ചിട്ടുണ്ട്. കേട്ടാൽ വളരെ ഹൃദ്യമായ ശ്ലോകങ്ങൾ തർജമ ചെയ്ത് വായിച്ചാൽ പച്ചവെള്ളം തിളപ്പിച്ച് വറ്റിച്ചാൽ അടിയിൽ യാതൊന്നും ശേഷിക്കാത്തതുപോലെ ആദ്യം ഭംഗിയുള്ളതായി തോന്നിയ ഭാഗം അശേഷം ബാഷ്പീഭവിച്ചുപോകുന്നു.

ഇങ്ങനെയുള്ള ശ്ലോകങ്ങളെ ഓരോ വേഷക്കാർ അരങ്ങത്തു നിന്നും കൊണ്ടു നല്ല രാഗത്തിൽ നീട്ടി ചൊല്ലുമ്പോൾ അല്പജ്ഞന്മാരായ കാഴ്ചക്കാർ ഭേഷ് ഭേഷ് എന്നു ഒച്ച കാട്ടി സ്തുതിക്കും. പാദപൂരണത്തിന്നും പ്രാസത്തിന്നും അനുപ്രാസത്തിന്നും ആയി അനേകം അനാവശ്യപദങ്ങളെ കൂട്ടിച്ചേർത്ത് ഒരു ശ്ലോകം ഉണ്ടാക്കി സംഗീതവാസനയുള്ള ഒരാൾ മേല്പറഞ്ഞ പ്രകാരം നീട്ടിയടിച്ചാൽ ഒന്നാന്തരം ശ്ലോകമാണെന്നു തോന്നും. വിഡ്ഢികൾ ഭേഷ് ഭേഷ് എന്നു നിലവിളിക്കയും ചെയ്യും. ഇങ്ങനെ ശ്ലോകമുണ്ടാക്കുവാൻ എന്തു പ്രയാസമാണ്? ആർക്കാണു പാടില്ലാത്തത്?

ഇതു മാത്രമല്ല. നാടകം എന്നു പറയണമെങ്കിൽ അതിനാൽ എന്തെങ്കിലും ഒരു സാരം ജനങ്ങൾക്കു ഗ്രഹിക്കത്തക്കതായിരിക്കണം. ഇതു മലയാളനാടകങ്ങളിൽ പ്രത്യക്ഷീഭവിക്കുന്ന ഒരു ലക്ഷണമാണോ എന്നു ഞാൻ സംശയിക്കുന്നു.

ഇതു കൂടാതെ നാടകങ്ങളിൽ പാത്രങ്ങളുടെ സംഭാഷണത്തിൽ നിന്നും അവരവരുടെ സ്വഭാവം പ്രത്യക്ഷമാകണം. ലോകത്തിൽ അസംഖ്യവിധം സ്വഭാവങ്ങളുള്ള മനുഷ്യരുണ്ട്. ഈ സ്വഭാവവിശേഷങ്ങളെ കവി തന്റെ ബുദ്ധിയിൽ കണ്ട പാത്രങ്ങൾ വഴിയായിട്ടു ലോകർക്ക് അനുഭവസിദ്ധമാക്കണം. ഇങ്ങനെ ചെയ്യുന്നതിന്ന് എത്രയോ പ്രയാസമുണ്ട്. എന്നു തന്നെയല്ല, എല്ലാവരാലും ശക്യവുമല്ല. ലോകത്തിലുള്ള നാനാവിധക്കാരായ മനുഷ്യരുടെ സ്വഭാവങ്ങളെ ഒരാൾ അറിഞ്ഞിരിക്കയും അറിഞ്ഞാൽ പിന്നെ നാടകരൂപേണ ഉദാഹരിക്കയും ചെയ്‌വാൻ അസാധാരണ

ബുദ്ധിയും ലോകപരിചയവും വേണം. ഈ തത്ത്വം സംസ്കൃതനാടക കർത്താക്കന്മാർ നല്ലവണ്ണം അറിഞ്ഞിട്ടുണ്ട്. നാടകാന്തം കവിത്വം എന്നുള്ള പ്രസിദ്ധവാക്യം ഈ തത്ത്വത്തെ സൂചിപ്പിക്കുന്നു. എന്നാൽ, ഇക്കാലത്തെ ഭാഷാനാടകകർത്താക്കന്മാർ ഏതാദൃശന്മാരല്ല. അവർ ഗ്രന്ഥനിർമാണത്തിൽ ആദ്യം കൈകൊണ്ടു വെക്കുന്നതു നാടകത്തിന്മേലാണ്. മഹാവിദ്വാന്മാരും സാക്ഷാൽ കവികളും ആയവർ കലാശകാര്യമായി വിചാരിക്കുന്നതു നമ്മുടെ ഇപ്പൊഴത്തെ ഭാഷാകവികൾക്ക് ആദ്യകാര്യമായിരിക്കുന്നു. ഇത് എത്ര കഷ്ടം. ഒന്നാമതുതന്നെ ഈ ഭാഷാകവികളെന്നു പറയുന്നവരിൽ ദുർല്ലഭം ചിലരൊഴികെ ആരും കവി എന്ന പേരിൽ യോഗ്യരല്ല. അങ്ങനെ ഇരിക്കെ അവർ കവിതയുടെ കലാശാവസ്ഥയിൽ നിർമിക്കേണ്ടുന്ന നാടകത്തെ ചെന്ന് ആദ്യം പിടിക്കുന്നതിൽ കാണിക്കുന്ന പ്രാഗത്ഭ്യത്തെ ആലോചിച്ചു നോക്കുവിൻ. കവിതയുണ്ടാക്കുക എന്നത് എല്ലാവരാലും കഴിയുന്നതല്ലല്ലൊ. നാടകം ഉണ്ടാക്കുക അത്യന്തം ദുഷ്കരവുമാണ്. ഇതൊന്നും ആലോചിക്കാതെ അവൻ നാടകം ഉണ്ടാക്കിയതുകൊണ്ട് ഞാനും ഒരു നാടകം ഉണ്ടാക്കണമെന്നാണ് ഇപ്പോൾ നാട്ടുകാരിൽ പലരും ധരിച്ചുവച്ചിരിക്കുന്നതെന്നു തോന്നുന്നു. നാലുപേരിലൊരുത്തൻ ആകണമെങ്കിൽ ഒരു നാടകം ഉണ്ടാക്കാതെ പാടില്ലെന്നുവന്നിരിക്കുന്നത് ആശ്ചര്യംതന്നെ.

(ഗോവിന്ദപ്പണിക്കർ മോഹിച്ചു വീഴുന്നു)

നാടകം ആർക്കും ഉണ്ടാക്കാവുന്ന ഒരു കാര്യമാണെന്ന് ഇവർ വിചാരിക്കുന്നപോലെ തോന്നുന്നുണ്ട്. ഭാഷാനാടകങ്ങളെ വാർക്കുന്നതിനായി സംസ്കൃത നാടകകർത്താക്കൾ ഒരു അച്ച് ഉണ്ടാക്കി കൊടുത്തിട്ടുമുണ്ട്. ആദ്യം നാന്ദി കഴിഞ്ഞു സൂത്രധാരൻ പ്രവേശിക്കുന്നു. പിന്നെ ചുറ്റി നടന്ന് അണിയറയിലേക്കു നോക്കീട്ട് ആര്യയെ വിളിക്കുന്നു. ഈ ആര്യ വന്ന് ഏതാണ്ടൊക്കെ പറയും. അതിനകത്തു നാടകകർത്താവിന്റെ പേരും യോഗ്യതയും ഒക്കെ പുറത്തു പറയും. പരിഷ്കാരമുള്ള ഈ കാലത്തെ അവസ്ഥയ്ക്ക് ഇതൊക്കെ അനാവശ്യമാണെന്നും നാടകത്തിന്റെ ആരംഭത്തിൽ അതിലെ പാത്രങ്ങളെത്തന്നെ പ്രവേശിപ്പിക്കുന്നതാണു ചേർച്ചയെന്നും ഇപ്പഴത്തെ നമ്മുടെ നാടകകർത്താക്കന്മാർ ഗ്രഹിക്കാത്തതു ശോചനീയമായ ഒരു സംഗതിതന്നെ.

മുമ്പിൽ ഗമിച്ചീടിന ഗോവുതന്റെ
പിമ്പേ ഗമിക്കും ബഹുഗോക്കളെല്ലാം

എന്നപോലെ ആരോ ഒരാൾ പണ്ടു സൂത്രധാരനേയും നടിയെയും മറ്റും പ്രവേശിപ്പിച്ചു. ആ സമ്പ്രദായത്തിന്റെ ഗുണദോഷങ്ങളെയോ ആവശ്യകതയേയോ ആലോചിക്കാതെ അതിനെ ജീവൻപോയാലും വിടാതെ നമ്മുടെ ഭാഷാവിദ്വാന്മാർ മുറുക്കിപ്പിടിച്ചിട്ടുണ്ട്. ഐകരൂപ്യം കാണികളേ മുഷിപ്പിക്കത്തക്കതും പുതുമയും വിവിധത്വവും സന്തോഷിപ്പിക്കത്തക്കതുമാണെന്ന് ഇവർക്കു മനസ്സിലായിട്ടില്ലെന്നു തോന്നുന്നു.

ഇനി അലങ്കാരങ്ങളെക്കുറിച്ചാണ് പറയേണ്ടത്. മലയാളത്തിലെ അലങ്കാരങ്ങളേക്കുറിച്ച് സവിസ്തരം ഉദാഹരണങ്ങളോടുകൂടി പറഞ്ഞാൽ എനിക്കു ഛർദി വരുമെന്നുള്ള ശങ്കയാൽ അധികം വിസ്തരിക്കാൻ പോകുന്നില്ല. അലങ്കാരങ്ങളെ യാതൊന്നും പ്രയോഗിക്കാതെ പുസ്തകങ്ങളെഴുതുന്നവർക്കു വല്ല സമ്മാനങ്ങളും കൊടുപ്പാൻ ഒരു സഭയോ മറ്റേർപ്പാടോ ഉണ്ടായിരുന്നാൽ അത്യന്തം ഉപകാരമുണ്ട്. മലയാളത്തിൽ അലങ്കാരമെന്നു പറഞ്ഞാൽ ചന്ദ്രൻ, താമര, മുല്ല, ആമ്പൽപ്പൂവ്, കരിംകൂവളം, കദളി, അരയന്നം, മൽസ്യം, തൊണ്ടിപ്പഴം ഇത്യാദി മരുന്നുകൾ കൂടിയ ഒരു കൂട്ടുകഷായമാണ്. ഈ കഷായത്തിന്റെ പാനത്തിൽ നമ്മുടെ കേരളീയ വിദ്വാന്മാരുടെ കുടലുകളൊക്കെ അശുദ്ധമായിരിക്കുന്നു. ആയതുകൊണ്ട് ഈ കൂട്ടുകഷായത്തിന്റെ പരിവർജനത്താൽ ക്രമേണ അവരുടെ ആന്ത്രങ്ങൾ ശുചീകരിക്കപ്പെട്ട് ഉച്ഛ്വാസം ഏതുകാലത്തു നിർമലമാകുന്നുവോ അതുവരെ നമ്മുടെ ഭാഷാകവികളുടെ കവിതയും അലങ്കാരങ്ങളും അശുദ്ധമായിരിക്കുമെന്നു പറയുന്നതിൽ ഞാൻ ഒട്ടും സംശയിക്കുന്നില്ല.

ഇതു കൂടാതെ നമ്മുടെ നാടകകർത്താക്കന്മാരും നാടകസഭക്കാരും നല്ലവണ്ണം അറിഞ്ഞിരിക്കേണ്ടുന്ന വേറേ ഒരു സംഗതിയുണ്ട്. അതെന്തെന്നാൽ നാടകങ്ങളുടെ ഗുണം അന്തർഗതം അല്ലെങ്കിൽ സഹജമായിരിക്കണം. അഭിനയത്തിൽ സംഗീതം, ദീപാവലി, രമണീയങ്ങളായ വസ്ത്രാഭരണങ്ങൾ, പരിമളങ്ങൾ മുതലായവയെക്കൊണ്ട് ഏതു നാടകത്തിനും ഒരു പ്രതാപം ഉണ്ടാക്കുവാൻ കഴിയും. ഒരു കാശിനു കൊള്ളരുതാത്ത നാടകമായാലും ഇങ്ങനെയുള്ള പകിട്ടുകൾകൊണ്ട് കാണികളെ കുറേ വിസ്മയിപ്പിക്കാം. എന്നാൽ, ഇതൊക്കെ തീരെ കൃത്രിമവും ബാഹ്യവും ആയ മഹിമയാണ്. എന്നുതന്നെയല്ല സാരജ്ഞന്മാരായ കാഴ്ചക്കാർക്ക് ഈ വിധം തക്കിടികൾകൊണ്ടു ഒരു കൂസലും ഉണ്ടാകുന്നതല്ല. പ്രസിദ്ധനും മഹാകവിയും ആണെങ്കിലും നാടകരചനാ സാമർത്ഥ്യം പ്രാപിച്ചിട്ടില്ലാത്ത ലോർഡ് ടെനിസൻ അവർകളുടെ Harold മുതലായ ചില നാടകങ്ങളെപ്പോലെ അത്ര കേമമായി വേറെ ഏതു നാടകമെങ്കിലും ലോകത്തിൽ അഭിനയിച്ചിട്ടുണ്ടോ എന്നു സംശയമാണ്. എങ്കിലും അരങ്ങത്തുനിന്നും പുറത്തു കടന്ന് ആ നാടകങ്ങളെ കയ്യിൽ എടുത്ത് വായിക്കാൻ തുടങ്ങുമ്പോൾ അരങ്ങത്തുവെച്ചു തോന്നിയ നിതാന്തകമനീയമായ പ്രതാപത്തിന്റെ പകുതിയിലധികം ബാഷ്പീഭവിച്ചുപോകുന്നു.

സാക്ഷാൽ നാടകം സ്വതന്ത്രമായിരിക്കണം എന്നുവെച്ചാൽ അതിന്റെ ആസ്വാദനം അഭിനയത്തെ ആശ്രയിക്കാതിരിക്കണം എന്നാണ് എന്റെ അഭിപ്രായം.

ഞാൻ കുറേ നേരമായി ഭാഷാനാടകങ്ങളുടെ ഇപ്പഴത്തേ അവസ്ഥയെ കുറിച്ചു നടത്തുന്ന പ്രസംഗം കലാശിപ്പിക്കുന്നു. ഭാഷാനാടകങ്ങളുടെ ഇപ്പഴത്തേ അവസ്ഥയെക്കുറിച്ച് ഇനിയും എനിക്കു വളരെ പറയാനുണ്ട്.

പക്ഷേ, നിങ്ങൾക്കു വൈരസ്യം ഉണ്ടാകാതിരിപ്പാൻ ഞാൻ തൽസംബന്ധം ഇനി ഒന്നും പറയുന്നില്ല. ഇതുവരെ പറഞ്ഞ സംഗതികളെക്കുറിച്ചു നിങ്ങൾ സാവധാനമായി ആലോചിച്ചു യുക്തിയുക്തമായി തോന്നുന്നവയെ സ്വീകരിച്ച് തദനുസരണം പ്രവർത്തിച്ചുകൊൾവിൻ.

പേഷ്കാരുടെ പ്രസംഗം കലാശിക്കാറായതോടുകൂടിത്തന്നെ കാഴ്ചക്കാരിൽ മുക്കാലിലധികം പേർ എഴുന്നേറ്റുപോകുവാൻ വട്ടംകൂട്ടിത്തുടങ്ങി. ഗോവിന്ദപ്പണിക്കർ മോഹിച്ചു വീണുപോയ വിവരം ഇതിനു മുമ്പിൽ തന്നെ പറഞ്ഞുവല്ലൊ. അദ്ദേഹത്തെ ചിലർ കൂടി താങ്ങിപ്പിടിച്ചു സ്വഗൃഹത്തിലേക്കു കൊണ്ടുപോയി. കിഴക്കേസ്രാമ്പിയിൽ കരുണാകരമേനോൻ പേഷ്ക്കാരുടെ പ്രസംഗം പകുതിയായതോടുകൂടി വ്യസനവും ലജ്ജയും സഹിക്കുവാൻ പാടില്ലാതെ താൻ ആരംഭിച്ച നാടകം വീട്ടിൽ ചെന്നവശം തീയിട്ടുകളയാമെന്നു ശപഥംചെയ്തു ജൂബിലി ഹാളിൽ നിന്നും എഴുന്നേറ്റുപോയി. ശേഷയ്യനും ശങ്കരമേനോനും ഉണ്ടായ ചാരിതാർത്ഥ്യം ഇത്രയെന്നു പറയുവാൻ എന്നാൽ അസാദ്ധ്യം. പേഷ്കാരുടെ പ്രസംഗം തീർന്ന് അദ്ദേഹം ഹാളിൽനിന്നു പുറത്തു കടന്നപ്പോൾ കാഴ്ചക്കാർ എല്ലാവരും ആർപ്പു വിളിച്ച് പേഷ്കാർക്കു വന്ദനം പറയുകയും മേലിൽ അവിടെ കൂടിയവരിൽ ആരെങ്കിലും നാടകം കാണാനായി പോരുമ്പോൾ വളരെ സൂക്ഷിച്ചുകൊള്ളാമെന്ന് ഓരോരുത്തർ പ്രതിജ്ഞചെയ്കയും ചെയ്തു.

ശുഭമസ്തു